بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 10 | ലക്കം 28

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജൂലൈ 10 ● 1404 വഫാ 10 ● ഹി:ഖ 1447 മുഹർറം 14

## അല്ലാഹുവിന്റെ വചനം

اَلۡحَجُّ اَشۡہُرٌ مَّعۡلُوۡمٰتٌ ۚ فَمَنۡ فَرَضَ فِیۡہِنَّ الۡحَجَّ فَلَا رَفَثَ وَلَا فُسُوۡقَ ۙ وَلَا جِدَالَ فِی الۡحَجِّ

(سورۃ البقرۃ:198)

ഹജ്ജുകാലം സുപരിചിതങ്ങളായ മാസങ്ങളാകുന്നു. അതിനാൽ ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജു നിർവഹിക്കുമെന്ന് ഉറച്ചുകഴിഞ്ഞാൽ പ്രേമസല്ലാപമോ അതിക്രമമോ ദുർവിവാദമോ ഹജ്ജിൽ പാടുളളതല്ല.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നബിﷺതിരുമേനിയുടെ സ്വഹാബാക്കളിൽ ആരും മുർത്തദ്ദായി(മതത്യാഗിയായി)പ്പോയില്ല.**
**മറ്റുനബിമാരുടെ അനുചരന്മാരിൽ അങ്ങനെയുള്ളവർ ആയിരക്കണക്കിനുണ്ടായിരുന്നു.**
**യഥാർഥത്തിൽ കാര്യമെന്താണെന്നാൽ, മുറബ്ബിയുടെ അഥവാ ശിക്ഷണം നല്കുന്നവന്റെ ശക്തികളുടെ സ്വാധീനമുണ്ടാകുന്നു.**
**എത്രത്തോളം മുറബ്ബിയുടെ കഴിവുകൾ സ്വാധീനം ചെലുത്തുന്നതും**
**തികവാർന്നതുമാകുന്നുവോ അത്രകണ്ട് അദ്ദേഹത്തിന്റെ ശിക്ഷണത്തിന്റെ സ്വാധീനം ദൃഢവും ശക്തവുമായിരിക്കും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

"നബിﷺതിരുമേനി ജനിച്ചകാലത്ത് കുഞ്ഞ് മുലപ്പാൽ കുടിക്കുന്നതിന് ആവശ്യക്കാരനെന്നതുപോലെയായിരുന്നു മക്കയിലെ ആളുകൾ. അതായത് അവർ റബൂബിയ്യത്തിന് അഥവാ പരിപാലകത്വത്തിന് ആശ്രിതരായിരുന്നു. കാട്ടാളന്മാരെപോലെയും ഹിംസ്രജന്തുക്കളെപോലെയുമായിരുന്നു അവർ ജീവിച്ചിരുന്നത്. നബിﷺതിരുമേനി മാതാവിനെപോലെ പാലു കൊടുത്ത് അവരെ പോറ്റി. പിന്നീട് റഹ്മാനിയ്യത്തിന്റെ അഥവാ കാരുണ്യത്വത്തിന്റെ തണലേകി. പരിശ്രമങ്ങൾക്ക് ഒരു കൈകടത്തലുമില്ലാത്ത പദാർഥങ്ങൾ നല്കി. വിശുദ്ധ ഖുർആൻപോലുള്ള അനുഗ്രഹവും നബിﷺതിരുമേനിയെപോലുള്ള മാതൃകയും പ്രദാനം ചെയ്തു. പിന്നീട് റഹീമിയ്യത്തിന്റെ അഥവാ ദയാവായ്പിന്റെ പ്രത്യക്ഷപ്പെടലും കാണിച്ചു. അതായത് അവർ പ്രവർത്തിച്ചതിന്റെമേൽ ഫലങ്ങൾ ചിട്ടപ്പെടുത്തി. അവരുടെ വിശ്വാസങ്ങൾ സ്വീകരിച്ചു. ക്രിസ്ത്യാനികളെപ്പോലെ വഴികേടിൽ പതിക്കാൻ വിട്ടില്ല. പ്രത്യുത പതറാത്ത ചുവടും ദൃഢനിശ്ചയവും പ്രദാനം ചെയ്തു. അധ്വാനത്തിലുണ്ടാകുന്ന അനുഗ്രഹമെന്താണെന്നാൽ, അല്ലാഹു പാദങ്ങളെ ഉറപ്പിച്ചു നിറുത്തുന്നു. നബിﷺതിരുമനിയുടെ സ്വഹാബാക്കളിൽ ആരും മുർത്തദ്ദായി(മതത്യാഗിയായി)പ്പോയില്ല. മറ്റുനബിമാരുടെ അനുചരന്മാരിൽ അത്തരക്കാർ ആയിരക്കണക്കിനുണ്ടായിരുന്നു. ഹദ്റത്ത് മസീഹിന്റെ അനുയായികളിൽ ഒരൊറ്റ ദിവസം അഞ്ഞൂറുപേരാണ് മുർത്തദ്ദായത്. അവർ വലിയവിശ്വാസവും ഉറപ്പുമുണ്ടായിരുന്നവരായിരുന്നു. അവരിൽ ഒരാൾ 30 വെള്ളിക്കാശിന് ഒറ്റിക്കൊടുക്കുകയും മറ്റുള്ളവർ മൂന്നുവട്ടം ശപിക്കുകയും ചെയ്തു.

യഥാർഥത്തിൽ കാര്യമെന്താണെന്നാൽ, മുറബ്ബിയുടെ അഥവാ ശിക്ഷണം നല്കുന്നവന്റെ ശക്തികളുടെ സ്വാധീനമുണ്ടാകുന്നു. എത്രത്തോളം മുറബ്ബിയുടെ കഴിവുകൾ സ്വാധീനം ചെലുത്തുന്നതും തികവാർന്നതുമാകുന്നുവോ അത്രകണ്ട് അദ്ദേഹത്തിന്റെ ശിക്ഷണത്തിന്റെ സ്വാധീനം ദൃഢവും ശക്തവുമായിരിക്കും.

ഇതു നമ്മുടെ നബിﷺതിരുമേനിയുടെ പരിശുദ്ധ ശക്തി തികവാർന്നതിനും എല്ലാത്തിനെക്കാളുമുപരിയാണെന്നതിനുമുള്ള മറ്റൊരു തെളിവാണ്. അതായത് ആ മഹാത്മാവിൽനിന്ന് ശിക്ഷണംപറ്റിയ സംഘത്തിൽ എങ്ങനെയുള്ള ദൃഢനിശ്ചയവും ഉറപ്പുമാണുണ്ടായിരുന്നതെന്നാൽ ആ മഹാത്മാവിനുവേണ്ടി തങ്ങളുടെ ജീവനും സമ്പത്തുംവരെ കൊടുക്കാൻ അമാന്തിക്കാത്തവരും രണാങ്കണത്തിൽ സുസ്ഥിരരുമായിരുന്നു. മസീഹിന്റെ ന്യൂനതയ്ക്കുള്ള സ്പഷ്ടമായ തെളിവായിരുന്നു, അദ്ദേഹം തയ്യാറാക്കിയ ജമാഅത്തുതന്നെ അദ്ദേഹത്തെ അറസ്റ്റു ചെയ്യിക്കുന്നവരും അറിഞ്ഞുകൊണ്ട് കൊല്ലിക്കുന്നവരും ശപിക്കുന്നവരുമായിത്തീർന്നുവെന്നത്. ചുരുക്കത്തിൽ നബിﷺതിരുമേനിയുടെ ദയാവായ്പിന്റെ സ്വാധീനമായിരുന്നു സ്വഹാബാക്കളിൽ ഉണ്ടായിരുന്ന ഉറച്ചുനിൽക്കലും ദൃഢനിശ്ചയവും. പിന്നീട് മാലിക്കിയൗമുദ്ദീന്റെ കർമപരമായ വെളിപ്പെടൽ സ്വഹാബാക്കളുടെ ജീവിതത്തിൽ ഇങ്ങനെയാണുണ്ടായത്;അല്ലാഹു അവരും മറ്റുള്ളവരും തമ്മിൽ ഫുർഖാൻ അഥവാ സത്യാസത്യ വിവേചനം വെച്ചു. അല്ലെങ്കിൽ ഏതൊരു ദിവ്യജ്ഞാനവും ദൈവസ്നേഹവും അവർക്ക് നൽകപ്പെട്ടുവോ അത് അവർക്കുള്ള ഇഹലോകത്തെ പ്രതിഫലമായിരുന്നു."(മൽഫൂദാത്ത് വാല്യം 2, പേജ് 71- 72, 2018 ഖാദിയാൻ പതിപ്പ്)

**നബിമാരുടെ ജമാഅത്തുകളുടെ അഭിവൃദ്ധിയും പരീക്ഷണവും ഇരട്ടകുട്ടികളായ സഹോദരങ്ങളാണ്.**
**അവർക്ക് പരസ്പരം വേർപെടാൻ സാധ്യമല്ല.**
**ഏതെങ്കിലും ജനത മരിക്കാൻ തയ്യാറാകാത്തിടത്തോളം ജീവിക്കുകയില്ല. കാരണം ജീവിതം മരണം കൂടാതെ കരസ്ഥമാകുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "മറ്റുള്ളതിനുശേഷം പറയാനുള്ളത് അവർ(അതായത് ആദരണീയരായ സ്വഹാബؓ)മരണത്തെ സ്വീകരിച്ചു. തങ്ങളുടെ എല്ലാ വിജയവും മരണത്തിൽത്തന്നെയാണെന്ന് മനസ്സിലാക്കി. ഇക്കാര്യം കാരണത്താലാണ് അവർ കുറഞ്ഞ കാലംകൊണ്ട് മുഴുലോകത്തേയും ജയിച്ചടക്കിയത്. എത്ര പ്രൗഢിയോടെ ജയിച്ചടക്കിയെന്നാൽ അതിനുദാഹരണം മുമ്പേ കടന്നുകഴിഞ്ഞ ഒരു ജനതയിലും ലഭിക്കുന്നില്ല. പിന്നീട് നോക്കുക, വിപത്തുകളുടെ ഈ പരമ്പര വേഗം അവസാനിച്ചില്ല. പ്രത്യുത ഒരു ദീർഘകാലംവരെ നീണ്ടുനിന്നു. ഖിലാഫത്ത് സ്ഥാപിതമായപ്പോൾ ഹദ്റത്ത് ഉമർؓ ശഹീദായി. ഹദ്റത്ത് ഉഥ്മാൻؓശഹീദായി. ഹദ്റത്ത് അലിؓശഹീദായി. കർബല മൈതാനിയിൽ നബിﷺതിരുമേനിയുടെ ഏകദേശം മുഴുവൻ കുടുംബവും ശഹീദായി. ചിലയാളുകൾ അബദ്ധത്തിൽ മനസ്സിലാക്കുന്നത് പരീക്ഷണം ആരംഭകാലത്തുമാത്രമാണ് വരുന്നതെന്നാണ്; അഭിവൃദ്ധിയുടെ കാലത്ത് പരീക്ഷണങ്ങളുടെ പരമ്പര അടഞ്ഞുപോകുമത്രെ! എന്നാൽ, ഇതു ശരിയല്ല. നബിമാരുടെ ജമാഅത്തുകളുടെ അഭിവൃദ്ധിയും പരീക്ഷണവും ഇരട്ടകുട്ടികളായ സഹോദരങ്ങളാണ്. അവർക്ക് പരസ്പരം വേർപെടാൻ സാധ്യമല്ല. ഏറ്റവും ആദ്യത്തെ കാലഘട്ടത്തിൽപ്പോലും പരീക്ഷണം വരുന്നു. അഭിവൃദ്ധിയുടെ പാരമ്യത്തിന്റെ കാലത്തും പരീക്ഷണം വരുന്നു. ഇപ്രകാരം ആരംഭംമുതൽ അവസാനംവരെ പരീക്ഷണങ്ങളുടെ പരമ്പര തുടർന്നുകൊണ്ടുപോകുന്നു. ഒന്നോ രണ്ടോ വ്യക്തികൾ മാത്രം വിശ്വസിക്കുന്ന നേരത്തും പരീക്ഷണങ്ങൾ വരുന്നു. പാരമ്യതയുടെ ഉന്നതമായ നേരത്ത് ജമാഅത്തിന് വിജയത്തിനുമേൽ വിജയം കരസ്ഥമായിക്കൊണ്ടിരിക്കുന്ന നേരത്തും പരീക്ഷണമുണ്ടാകുന്നു. നബിﷺതിരുമേനിക്ക് ആദ്യകാലത്തും വിപത്തുകളിലൂടേയും ബുദ്ധിമുട്ടുകളിലൂടേയും കഴിഞ്ഞുപോകേണ്ടിവന്നിട്ടുണ്ട്. നബിﷺതിരുമേനിക്കും ആ മഹാത്മാവിനെ വിശ്വസിച്ചവർക്കും വിവിധ തരത്തിലുള്ള പരീക്ഷണം വന്നിട്ടുണ്ട്. അതിനുശേഷം അഭിവൃദ്ധികളുടെ കാ

ശേഷം പേജ് 11 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**യാഥാർഥ്യമെന്തെന്നാൽ, നബിﷺതിരുമേനി മക്കയിൽനിന്ന് പലായനം ചെയ്ത ദിവസം തന്നെ, അല്ലാഹു അദ്ദേഹത്തിന് ഒരു സന്തോഷവാർത്ത നൽകി: "നീ ദുഃഖിക്കരുത്, ഒരു ദിവസം ഞാൻ നിന്നെ ഈ സ്ഥലത്ത് തിരിച്ചുകൊണ്ടുവരുന്നതായിരിക്കും."**

**ഗവേഷകന്മാരുടെ അഭിപ്രായത്തിൽ, വിശുദ്ധഖുർആനിലെ ഈ പ്രവചനം നബിﷺതിരുമേനിയുടെ പ്രവാചകത്വത്തിനുള്ള ഒരു തെളിവാണ്. കാരണം അദ്ദേഹത്തിന് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അദൃശ്യജ്ഞാനം നൽകുകയും അല്ലാഹു അറിയിച്ചതുപോലെതന്നെ അത് പുലരുകയും ചെയ്തു.**

**സകല ഇസ്‌ലാമിക യുദ്ധങ്ങളേയും പരിശോധിക്കുന്ന പക്ഷം അവയ്ക്ക് ഒരു യുക്തിഭദ്രമായ തലമുണ്ടായിരുന്നെന്ന് മനസ്സിലാകും. പ്രത്യേകിച്ച്, മക്കാ വിജയത്തിന് മുമ്പേയുണ്ടായ എല്ലാ യുദ്ധങ്ങളുടെയും ലക്ഷ്യം മക്കാവിജയത്തിന് വഴി ഒരുക്കുക എന്നതായിരുന്നു.**

**മക്കവിജയ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നബിതിരുമേനിയുടെ ജീവചരിത്ര വിവരണം.**

**ബഹുമാനപ്പെട്ട ഡോക്ടർ ശെയ്ഖ് മുഹമ്മദ് മഹ്മൂദ് സാഹിബ് ശഹീദിന്റെ അനുസ്മരണവും ജനാസ ഗാഇബും.**

**അല്ലാഹു എത്രയുംവേഗം അവർക്കു ശിക്ഷ നൽകാനുള്ള ഏർപ്പാടു ചെയ്യുമാറാകട്ടെ. രാജ്യത്തെ രക്ഷിക്കാൻ അവരെ ഒഴിവാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. കാരണം മതത്തിന്റെ പേരിൽ ഭീകരവാദം നടത്തുന്ന മതമൗലികവാദികൾ യഥാർഥത്തിൽ രാജ്യത്തെ നശിപ്പിക്കാൻ തുനിഞ്ഞിരിക്കുകയാണ്. അവർക്കെതിരിലുള്ള എല്ലാവരെയും ആക്രമിക്കുന്നു. എന്തായാലും നമ്മുടെ പ്രാർഥനകൾ അല്ലാഹുവിനോടാണ്. അവനോടുള്ള കടമകൾ പൂർണ്ണമായി നിറവേറ്റാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.**

**ഖുത്ബ ജുമുഅ 2025 മെയ് 23, 1404 ഹിജ്റത്ത് 23, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഒരു മുസ്ലിം സലാം പറഞ്ഞിട്ടും അദ്ദേഹത്തെ ഒരാൾ വധിച്ച സംഭവം വിവരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് നിസാഅ് അധ്യായത്തിലെ തൊണ്ണൂറ്റിയഞ്ചാം വചനവും ഞാൻ പരായണം ചെയ്തിരുന്നു. നിങ്ങളോടു ആരെങ്കിലും സലാം ചൊല്ലിയാൽ അയാളോടു നിങ്ങൾ വിശ്വാസിയല്ലെന്ന് പറയരുതെന്നതായിരുന്നു അതിലെ പ്രതിപാദ്യവിഷയം. കൂടുതൽ കാര്യങ്ങൾ അതിൽ വിശദീകരിച്ചിരുന്നില്ല. അങ്ങനെ ചെയ്യുന്നതിൽനിന്ന് നബിﷺതിരുമേനി തടഞ്ഞു എന്നുതന്നെയാണ് അതിന്റെ വിശദീകരണത്തിൽ വന്നിട്ടുള്ളത്. അതു ഞാൻ പരാമർശിക്കുകയും ചെയ്തിരുന്നു. നബിﷺതിരുമേനി അങ്ങേയറ്റം നീരസം പ്രകടിപ്പിച്ചുവെന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. എന്നല്ല തന്നിൽനിന്ന് അകറ്റി നിറുത്തുകയുണ്ടായി. അദ്ദേഹത്തിന്നെതിരെ ദുആ ചെയ്യുകയുണ്ടായെന്നും ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്. ഏതായാലും നബിﷺതിരുമേനി ഇക്കാര്യത്തിൽ വളരെ വ്യസനിച്ചിരുന്നു. കൊല്ലപ്പെട്ട വ്യക്തിക്കുവേണ്ടി ബന്ധുക്കളുടെ ഭാഗത്തുനിന്ന് പ്രതിക്രിയാ നടപടി കൈക്കൊള്ളുന്ന വിഷയം ഹുനയ്ൻ യുദ്ധത്തിനുശേഷമാണ് നബിﷺതിരുമേനിയുടെ സന്നിധിയിൽ വരുന്നത്. അതിനാൽ, ഇതിന്റെ വിശദാംശങ്ങൾ ആ സന്ദർഭത്തിൽ വിവരിക്കുന്നതായിരിക്കും. ഇൻശാഅല്ലാഹ്. ഏതായാലും ഇതിനെ ഹീനമായ കുറ്റമായാണ് നബിﷺതിരുമേനി വിശേഷിപ്പിച്ചത്. പാകിസ്താനിലുള്ള ഇന്നത്തെ മുല്ലാക്കളുണ്ടല്ലോ, നാമമാത്രമായ ആളുകൾ, ദീനിന്റെ ഏജന്റുമാർ അവർക്കും ബുദ്ധിയുദിച്ചിരുന്നെങ്കിൽ! അഹ്മദികളുടെ നേരെ അക്രമം അഴിച്ചു വിടുന്നതിൽനിന്ന് അവർ പിന്മാറിയിരുന്നെങ്കിൽ എത്ര നന്നായേനെ. അല്ലാഹുവിന്റെ പിടിത്തത്തിൽനിന്ന് അവർ രക്ഷപ്പെട്ടേനെ.ഏതായാലും യുദ്ധനീക്കങ്ങളെ സംബന്ധിച്ച വിവരണമാണ് നടന്നു വരുന്നത്. ഇനി മക്കാവിജയത്തെ സംബന്ധിച്ചുള്ള നീക്കത്തെക്കുറിച്ച് പ്രതിപാദിക്കാം. ഹിജ്റ എട്ടിനാണ് ഇതുണ്ടായത്. ഈ യുദ്ധനീക്കം ഫത്ഹെ അളീം അതായത് മഹത്തായവിജയം എന്നും അറിയപ്പെടുന്നുണ്ട്. ഞാൻ പറഞ്ഞതുപോലെ, ഹിജ്റ എട്ടിന് റമളാനിലാണ് ഇത് നടന്നത്. മഹത്തായ ഈ വിജയത്തെ സംബന്ധിച്ച് അല്ലാഹു നേരത്തെ സുവാർത്ത നല്കിയിരുന്നു. തൽഫലമായി ജനങ്ങൾ കൂട്ടംക്കൂട്ടമായി ഇസ്‌ലാമിൽ പ്രവേശിച്ചു. *(ശറഹ് സർഖാനീ വാള്യം 3 പേജ് 386, ദാറുൽകുതുബുൽഇൽമിയ്യ)(സുബുലുൽ ഹുദാ വാള്യം 5, പേജ് 200 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓമക്കാവിജയത്തെക്കുറിച്ച് ഖുർആനിക വചനം ഉദ്ധരിച്ചുകൊണ്ട് പറയുന്നു: **വ ഖുർറബ്ബി അദ്ഖിൽനീ മുദ്ഖല സ്വിദ്ഖിൻ വ അഖ്‌രിജ്നീ മുഖ്‌റജ സ്വിദ്ഖിൻ വ്വജ്അൽല്ലീ മിൻല്ലദുൻക സുൽത്വാനൻന്നസ്വീറാ.**(17:81)

പറയുക, ബാഹ്യവും ആന്തരവുമായ നല്ല പ്രവേശന മാർഗത്തിൽ നീ എന്നെ പ്രവേശിപ്പിക്കുകയും ബാഹ്യവും ആന്തരവുമായ നല്ല പുറപ്പെടുന്ന മാർഗത്തിലൂടെ എന്നെ പുറത്തുകൊണ്ടുവരികയും ചെയ്യേണമേ! നിന്റെ പക്കൽനിന്ന് നീ എനിക്ക് ശക്തനായൊരു സഹായകനെ നല്കേണമേ.

അതായത് ഹിജ്റത്തിന്റെ നേരത്ത് നിന്റെ പക്കൽനിന്നുതന്നെ നീ എനിക്ക് വിജയത്തിന്റേയും സഹായത്തിന്റേയും ഏർപാടുകൾ ചെയ്തുതന്നാലും. ഇത് ഹിജ്റയ്ക്കു മുമ്പേ ബനീഇസ്റായീൽസൂറത്തിൽ നബിﷺതിരുമേനിക്ക് അവതരിച്ച ഒരു സൂക്തമാണ്. ഇതിൽ ഹിജ്റത്തിനെക്കുറിച്ചും തുടർന്ന് മക്കയുടെ വിജയത്തെക്കുറിച്ചും പ്രവചിച്ചിരിക്കുന്നു.*(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവറുൽഉലൂം വാള്യം 20 പേജ്:346)*

സൂറത്ത് ഫത്ഹിൽ മക്കയുടെ വിജയത്തെക്കുറിച്ച് ഇങ്ങനെയാണ് വിവരിക്കുന്നത്: **ലഖദ് റളിയല്ലാഹു അനിൽമുഅ്മിനീന ഇദ് യുബായിഊനക്ക തഹ്തശ്ശജറത്തി ഫ അലിമ മാ ഫീ ഖുലൂബിഹിം ഫ അൻസലസ്സക്കീനത്ത അലയ്ഹിം വ അഥാബഹും ഫത്ഹൻ ഖരീബാ**(48:19)

ആ വൃക്ഷച്ചുവട്ടിൽവച്ച് സത്യവിശ്വാസികൾ നിന്നോട് അനുസരണ പ്രതിജ്ഞ ചെയ്യുകയായിരുന്നപ്പോൾ! അല്ലാഹു അവരെക്കുറിച്ച് പൂർണമായും തൃപ്തിപ്പെട്ടിരിക്കുന്നു. അപ്പോൾ അവരുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു അറിഞ്ഞു. അങ്ങനെ അല്ലാഹു അവർക്ക് മനഃസമാധാനം ഇറക്കിക്കൊടുത്തു. അവർക്ക് ആസന്നമായൊരു വിജയം പ്രതിഫലമായി നല്കുകയും ചെയ്തു.

യാഥാർഥ്യമെന്തെന്നാൽ, നബിﷺതിരുമേനി മക്കയിൽനിന്ന് പലായനം ചെയ്ത ദിവസം തന്നെ, അല്ലാഹു അദ്ദേഹത്തിന് ഒരു സന്തോഷവാർത്ത നൽകി: "നീ ദുഃഖിക്കരുത്, ഒരു ദിവസം ഞാൻ നിന്നെ ഈ സ്ഥലത്ത് തിരിച്ചുകൊണ്ടുവരുന്നതായിരിക്കും."

അങ്ങനെ, ഹിജ്റത്തുവേളയിൽ ഈ സൂക്തം അവതരിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്: **ഇന്നല്ലദീ ഫറള അലയ്ക്കൽ ഖുർആന ലറാദ്ദുക്ക ഇലാ മആദിൻ**(28:86) ഖുർആൻ നിനക്ക് നിയമമാക്കി കൽപ്പിച്ചവൻ തീർച്ചയായും നിന്നെ പ്രത്യാഗമന സ്ഥാനത്ത് തിരിച്ചെത്തിക്കുന്നവനാണ്. ഇമാം ഫഖ്റുദ്ദീൻ റാസി ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: 'ഈ സൂക്തത്തിൽ "പ്രത്യാഗമനസ്ഥലം" എന്നതുകൊണ്ടുദ്ദേശിക്കുന്നത് മക്കയാണ്. ഇതിനുകാരണം വിജയദിനത്തിൽ നബിﷺതിരുമേനിയുടെ മക്കയിലേക്ക് മടങ്ങിവരലാണ്. ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: ഹിജ്റത്ത് വേളയിൽ നബിﷺതിരുമേനി മക്കയ്ക്കും മദീനയ്ക്കും ഇടയിലായിരുന്നപ്പോൾ, അദ്ദേഹം മക്കയോടുള്ള സ്നേഹം പ്രകടിപ്പിച്ചപ്പോൾ ഹദ്റത്ത് ജിബ്രീൽؑ ഇറങ്ങുകയും നബിതിരുമേനിയോടു ഇങ്ങനെ ചോദിക്കുകയും ചെയ്തു: "അങ്ങ്ﷺസ്വന്തം നാടിനെയും ജന്മസ്ഥലത്തെയും സ്നേഹിക്കുന്നുണ്ടോ?" അദ്ദേഹം പറഞ്ഞു:'ഉണ്ട്.' അപ്പോൾ ജിബ്രീൽؑ പറഞ്ഞു: "അല്ലാഹു പറയുന്നു: **ഇന്നല്ലദീ ഫറള അലയ്ക്കൽ ഖുർആന ലറാദ്ദുക്ക മആദിൻ** തീർച്ചയായും ഖുർആൻ നിനക്ക് നിർബന്ധമാക്കിയവൻ, നിന്നെ ഒരു ദിവസം നിന്റെ മടങ്ങിപ്പോകേണ്ട സ്ഥലത്ത് തിരികെ കൊണ്ടുവരുന്നതായിരിക്കും." അതായത്, ഖുറയ്ശികളുടെമേൽ വിജയം നൽകി മക്കയിലേക്ക് തിരികെ കൊണ്ടുവരും. കാരണം, നബിﷺതിരുമേനി മക്കയിൽ ഉണ്ടായിരുന്നതിനുശേഷം അതുപേക്ഷിക്കുകയും പിന്നീട് അവിടെ മടങ്ങിവരികയും ചെയ്തു. ഇത് മക്കയല്ലാതെ മറ്റൊരു സ്ഥലത്തിനും യോജിക്കുകയില്ല.

ഗവേഷകന്മാരുടെ അഭിപ്രായത്തിൽ, വിശുദ്ധഖുർആനിലെ ഈ പ്രവചനം നബിﷺ തിരുമേനിയുടെ പ്രവാചകത്വത്തിനുള്ള ഒരു തെളിവാണ്. കാരണം അദ്ദേഹത്തിന് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അദൃശ്യ ജ്ഞാനം നൽകുകയും അല്ലാഹു അറിയിച്ചതുപോലെ തന്നെ അത് പുലരുകയും ചെയ്തു.*(തഫ്സീറുൽകബീർ റാസി വാള്യം 13, ഭാഗം 25, പേജ് 19, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

വിശുദ്ധ ഖുർആനിൽ മറ്റൊരു സ്ഥലത്തും മക്കാവിജയത്തെക്കുറിച്ച് പ്രവചിച്ചിട്ടുണ്ട്. അതിലൂടെ നബിﷺതിരുമേനി ഉൾപ്പെടെ എല്ലാ മുസ്ലിമീങ്ങൾക്കും ഒരു ഓർമപ്പെടുത്തൽ നൽകിയിരിക്കുകയാണ്: നോക്കൂ, നിങ്ങൾ എവിടെപ്പോയാലും അവസാനം മക്ക കീഴടക്കപ്പെടുമെന്ന കാര്യം മറക്കരുത്. അതിനുവേണ്ടി നിങ്ങൾ പരിശ്രമിക്കുകയും പ്രയത്നിക്കുകയും പ്രാർഥിക്കുകയും വേണം." ഈ ഖുർആനിക പ്രവചനത്തിന്റെ വെളിച്ചത്തിൽ, നബിﷺ തിരുമേനി അന്നുവരെ നടത്തിയ എല്ലാ യുദ്ധങ്ങളുടെയും സൈനിക നീക്കങ്ങളുടെയും ഒരു ലക്ഷ്യവും കേന്ദ്രവും മക്കയുടെ വിജയമായിരുന്നുവെന്ന് നമുക്ക് പറയാവുന്നതാണ്.

സൂറത്തു ബഖറയിലെ **വ മിൻ ഹയ്ഥു ഖറജ്ത്ത ഫവല്ലി വജ്ഹക്ക ശത്റൽ മസ്ജിദിൽ ഹറാമി**(2:150)എന്ന മഹത്തായ ഖുർആനിക വചനം സ്മരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓഅതിന്റെ വ്യാഖ്യാനത്തിൽ വിവരിക്കുന്നു: "വിശുദ്ധ ഖുർആൻ വ്യാഖ്യാതാക്കൾ **'വമിൻ ഹയ്ഥു ഖറജ്ത്ത'** (നീ എവിടെനിന്ന് പുറപ്പെട്ടാലും)എന്നതിന് അർഥം നൽകിയിരിക്കുന്നത്, നിങ്ങൾ എവിടെയായിരുന്നാലും എല്ലാ സാഹചര്യങ്ങളിലും നിങ്ങളുടെ ഖിബ്ല മസ്ജിദുൽഹറാം തന്നെയായിരിക്കണമെന്നാണ്. ഇതിന് അവർ പറയുന്ന കാരണം, ആദ്യത്തെ കൽപ്പനയിൽ ഇത് മദീനയിലുള്ളവർക്ക് മാത്രമുള്ള ഖിബ്ല യാണെന്നും മറ്റുള്ളവർക്കല്ല എന്നുമുള്ള ഒരു ധാരണ ഉണ്ടാവാം. അതുകൊണ്ട് അല്ലാഹു പറയുന്നത്, നിങ്ങൾ എവിടെനിന്ന് പുറപ്പെട്ടാലും നിങ്ങളുടെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക എന്നാണ്. അവിടന്ന് പറയുന്നു: "എന്നാൽ, യാഥാർഥ്യമെന്തെന്നാൽ, ഈ സൂക്തം മുഹമ്മദു റസൂലുല്ലാഹി ﷺ യേയോഎല്ലാ മുസ്ലിമീങ്ങളേയോ അഭിസംബോധന ചെയ്തതാണെങ്കിൽപ്പോലും, ഇതിന് ഖിബ്ലയുടെ നേർക്ക് തിരിയുക എന്ന അർഥം നൽകാൻ കഴിയില്ല. ഒന്നാമതായി, നഗരങ്ങളിലോ ഗ്രാമങ്ങളിലോ താമസിക്കുമ്പോൾ നിർവഹിക്കുന്ന നമസ്കാരങ്ങൾ നഗരത്തിൽനിന്ന് പുറപ്പെടുമ്പോൾ നിർവഹിക്കുന്ന നമസ്കാരങ്ങളെക്കാൾ സാധാരണ കൂടാറില്ല. അങ്ങനെയൊരു സാഹചര്യത്തിൽ, കൂടുതൽ നമസ്കാരങ്ങൾക്ക് ബാധകമായ ഒരു കൽപ്പനയാണ് നൽകേണ്ടിയിരുന്നത്. അല്ലാതെ യാത്രയിൽ വളരെ വിരളമായി പ്രാവർത്തികമാക്കാവുന്ന ഒരു കല്പനയല്ല. ഉദാഹരണത്തിന്, ഒരാൾ പട്ടണത്തിൽനിന്ന്

രാവിലെ പത്ത് മണിക്കോ അസ്റിനും മഗ്രിബിനും ഇടയിലോ അർദ്ധരാത്രിയിലോ പുറപ്പെട്ടേക്കാം. നമസ്കാരത്തിന്റെ ചോദ്യമേ ഉദിക്കാത്ത സമയങ്ങളാണ് ഇവയൊക്കെയും. ഈ സാഹചര്യങ്ങളിൽ, **'വമിൻ ഹയ്ഥു ഖറജ്ത്ത ഫവല്ലി വജ്ഹക്ക ശത്വറൽ മസ്ജിദിൽ ഹറാം'** എന്ന കൽപ്പന നിരർഥമായി ഭവിക്കുന്നു. കാരണം ഒരു പട്ടണത്തിൽനിന്ന് പുറപ്പെടുന്ന ആളുടെ ആ സമയം നമസ്കാര സമയമാകുക എന്നത് വളരെ വിരളമാണ്. സാധാരണയായി, ഒന്നുകിൽ ആ സമയത്ത് ഒരാൾ നമസ്കരിച്ചു കഴിഞ്ഞിട്ടുണ്ടാകും, ഇനി നമസ്കരിക്കാനുണ്ടെങ്കിൽ കുറച്ച് സമയം കഴിഞ്ഞും നമസ്കരിക്കാവുന്നതാണ്. എന്തായാലും, ഇവിടെ പുറപ്പെടുന്നതുമായി നമസ്കാരത്തിന് ബന്ധമൊന്നുമില്ല. ഏതെങ്കിലും നമസ്കാരത്തിന്, യാത്രപുറപ്പെടുന്ന സമയവുമായി പ്രത്യേക ബന്ധമുണ്ടായിരുന്നെങ്കിൽ ഈ അർഥങ്ങൾ ശരിയായി അംഗീകരിക്കാമായിരുന്നു. എന്നാൽ, പുറപ്പെടുന്ന സമയവുമായി നമസ്കാരത്തിന് ബന്ധമില്ലെന്ന് എല്ലാവർക്കും അറിയാം. അങ്ങനെയൊരു സാഹചര്യത്തിൽ, ഈ സൂക്തത്തെ യാത്ര ഉദ്ദേശിച്ച് വീട്ടിൽനിന്ന് പുറപ്പെടുന്നതുമായി ചേർത്തുവെക്കുന്നത് ഒരു നിലയ്ക്കും ശരിയല്ല. **'മിൻ ഹയ്ഥു ഖറജ്ത്ത'** എന്നതുകൊണ്ട് നമസ്കാരത്തിൽ ഖിബ്ലയുടെ നേർക്ക് തിരിയുക എന്ന് ഉദ്ദേശിക്കുന്നില്ല എന്നതിന്റെ മറ്റൊരു തെളിവ് യാത്രയുടെ അവസ്ഥയിൽ ചിലപ്പോൾ ദിശയുടെ ചോദ്യംതന്നെ അപ്രസക്തമാണ് എന്നതത്രേ. ഏതുദിശയിൽ മുഖം തിരിച്ചാലും നമസ്കാരം ശരിയാകും. ഉദാഹരണത്തിന്, ഒരാൾക്ക് യാത്രാവാഹനത്തിൽ നിന്ന് ഇറങ്ങാൻ കഴിയുന്നില്ലെങ്കിൽ, ഖുർആനിൽനിന്നും നബിﷺതിരുമേനിയുടെ കർമങ്ങളിൽനിന്നും തെളിയുന്നത്, അന്നേരം മുഖം ഏത് ദിശയിലാണോ, ആ ദിശയിൽത്തന്നെ നമസ്കരിച്ചാൽ മതിയാകുമെന്നാണ്. യാത്രയിൽ ഒരാൾ നമസ്കരിക്കുകയാണെങ്കിൽ, മുഖം ഏതു ദിശയിലാണോ അങ്ങോട്ട് തിരിഞ്ഞ് നമസ്കരിക്കുന്നത് അനുവദനീയമാണ്. ഖിബ്ലയുടെ നേർക്കോ മറ്റേതെങ്കിലും ദിശയിലേക്കോ ആയാലും ശരി. ആ സമയത്ത് ദിശയുടെ ചോദ്യം ഉദിക്കുന്നില്ല. കിഴക്ക്, പടിഞ്ഞാറ്, വടക്ക്, തെക്ക് എല്ലാം ഒരുപോലെയാണ്; മാനസികമായ ശ്രദ്ധ കഅ്ബയുടെ നേർക്കായിരിക്കണമെന്നുമാത്രം. നമസ്കരിക്കുമ്പോൾ, എന്റെ ശ്രദ്ധ കഅ്ബയുടെ നേർക്കാണ് എന്ന ചിന്ത മാത്രം മതി. ഇക്കാലത്ത് ഒരാൾ തീവണ്ടിയിലിരിക്കുമ്പോൾപ്പോലും ദിശ കൃത്യമാവുകയില്ല. കാരണം തീവണ്ടി ചിലപ്പോൾ വടക്കോട്ടും ചിലപ്പോൾ തെക്കോട്ടും ചിലപ്പോൾ കിഴക്കോട്ടും ചിലപ്പോൾ പടിഞ്ഞാറോട്ടും തിരിയുകയും ചുറ്റിക്കറങ്ങുകയും ചെയ്യും. അതുപോലെ, ദീർഘമായ കപ്പൽ യാത്രകളിലും നമുക്കിതു കാണാം. എന്നിരുന്നാലും, അതിലിരുന്നു നമസ്കരിക്കുന്ന വ്യക്തിയുടെ നമസ്കാരത്തിന് ഒരുവിധ ഭംഗവും സംഭവിക്കുന്നില്ല. മുഫസ്സിരീങ്ങളുടെ അർഥങ്ങൾ ശരിയാണെന്ന് അംഗീകരിക്കുകയാണെങ്കിൽ, ഈ കൽപ്പന ഒരു യാത്രക്കാരനും തീവണ്ടിയിൽ ഇരിക്കുന്നവനും പ്രാവർത്തികമാക്കാൻ കഴിയില്ല. അതിനാൽ, പുറപ്പെടുമ്പോൾ ദിശയുടെ കൃത്യത നിലനിൽക്കാത്ത സ്ഥിതിക്ക്, ഈ സൂക്തംകൊണ്ട് നിങ്ങൾ എവിടെനിന്ന് പുറപ്പെട്ടാലും കഅ്ബയുടെ നേർക്ക് തിരിഞ്ഞ് നമസ്കരിക്കുക എന്നാണെന്നുള്ളത് എങ്ങനെയാണ് ശരിയാകുക?

ഈ അർഥം ശരിയല്ലെന്നതിന് മറ്റൊരു കാരണവും കൂടിയുണ്ട്. ഈ സൂക്തത്തിന്റെ പദാർഥം ഇപ്രകാരമാണ്: 'നീ എവിടെനിന്ന് പുറപ്പെട്ടാലും നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക.' അല്ലെങ്കിൽ 'നീ എവിടെനിന്ന് പുറപ്പെടുമ്പോഴും നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിയട്ടെ.' ചലിച്ചുകൊണ്ടിരിക്കെ നമസ്കരിക്കാൻ സാധിക്കുകയില്ലെന്നും നമസ്കാരം നിന്നുകൊണ്ടു മാത്രമേ നിർവഹിക്കാൻ സാധിക്കൂവെന്നും ആർക്കും മനസ്സിലാക്കാൻ കഴിയും. ഈ സൂക്തത്തിന്റെ വാക്കുകൾ **'ഹയ്ഥു മാ കുൻത ഫവല്ലി വജ്ഹക്ക ശത്റൽ മസ്ജിദിൽ ഹറാമി'** (നീ എവിടെയായിരുന്നാലും നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക) എന്നായിരുന്നെങ്കിൽ ഈ അർഥം ശരിയാകുമായിരുന്നു. എന്നാൽ, ഇവിടെ പറയപ്പെട്ടിരിക്കുന്നത് മിൻ ഹയ്ഥു ഖറജ്ത്ത ഫവല്ലി വജ്ഹക്ക ശത്റൽ മസ്ജിദിൽ ഹറാമി എന്നാണ്. അതായത്, അല്ലയോ മുഹമ്മദ് റസൂലുല്ലാഹ്ﷺ! അല്ലെങ്കിൽ മുസ്ലിമീങ്ങളേ, നിങ്ങൾ എവിടെനിന്ന് പുറപ്പെടുമ്പോഴും നിങ്ങളുടെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക. പുറപ്പെട്ടുകൊണ്ടിരിക്കെ നമസ്കാരം നിർവഹിക്കപ്പെടാറില്ലെന്നത് വ്യക്തമാണ്. പ്രത്യുത ഒരു സ്ഥലത്ത് നിന്നുകൊണ്ടാണ് അതനുഷ്ഠിക്കപ്പെടുന്നത്. അതിനാൽ, ഇവിടെ നമസ്കരിക്കുക എന്ന അർഥം ഒരു സാഹചര്യത്തിലും ശരിയല്ലെന്ന് മനസ്സിലാക്കാം. മുഫസ്സിരീങ്ങൾ പറയുന്നു, നമസ്കാരവും പുറപ്പെടലുമായി ബന്ധമുണ്ടെന്ന് അംഗീകരിക്കാതിരുന്നാൽ, അത് വൈരുധ്യമായിത്തീരും. എന്നാൽ, ഇതും തെറ്റാണ്. ഖുർആനിലെ ശരിയായ ആശയങ്ങളും വിഷയങ്ങളുടെ പരസ്പര ബന്ധവും അവർക്ക് മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ് ഖുർആനിൽ വൈരുധ്യം കാണാൻ കഴിയുന്നത്. അവർ എവിടെയെല്ലാം ആക്ഷേപം കാണുന്നുവോ, അവിടെയെല്ലാം

ഉടൻതന്നെ 'നാസിഖ്' (റദ്ദാക്കുന്ന സൂക്തം), 'മൻസൂഖ്'(റദ്ദാക്കപ്പെട്ട സൂക്തം) എന്നിവയെ ക്കുറിച്ചുള്ള ചർച്ചകൾ ആരംഭിക്കുകയും, ഒരു സൂക്തത്തെ റദ്ദാക്കുന്നതായും മറ്റൊന്നിനെ റദ്ദാക്കപ്പെട്ടതായും പ്രഖ്യാപിച്ച് ആക്ഷേപത്തിൽനിന്ന് തടിയൂരുകയും ചെയ്യുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്ﷺലോകത്തിന് വെളിപ്പെടുത്തിയ ഖുർആനിക യാഥാർഥ്യങ്ങൾ കണക്കിലെടുത്താൽ, ഖുർആനിൽ ഒരു വൈരുധ്യവും കാണാൻ കഴിയില്ല, ഒരു സൂക്തത്തെയും റദ്ദാക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടിയും വരില്ല. യഥാർഥ്യമെന്തെന്നാൽ, നബിﷺതിരുമേനി മക്കയിൽനിന്ന് ബഹിഷ്കൃതനായപ്പോൾ, ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് ഒരാക്ഷേപമുന്നയിക്കാൻ അവസരം കിട്ടി. അവിടന്ന് ഇബ്റാഹിം നബിയുടെﷺപ്രാർഥനയാൽ വാഗ്ദാനം ചെയ്യപ്പെട്ടവനും കഅ്ബയുമായി ബന്ധമുള്ളവനുമായിരുന്നെങ്കിൽ എന്തിനാണ് മക്കയിൽ നിന്ന് പുറത്താക്കപ്പെട്ടത്? അദ്ദേഹത്തെ മക്കയിൽനിന്ന് പുറത്താക്കിയ സ്ഥിതിക്ക്, അവിടന്നെങ്ങനെ ഇബ്റാഹീം നബിയുടെﷺപ്രാർഥനയുടെ സാക്ഷാത്കാരമായിത്തീരും? ഈ ആക്ഷേപത്തിന് മറുപടിയായിട്ടാണ് അല്ലാഹു പറയുന്നത് **'മിൻ ഹയ്ഥു ഖറജ്ത്ത ഫവല്ലി വജ്ഹക്ക ശത്റൽ മസ്ജിദിൽ ഹറാമി'** അതായത്, അല്ലയോ മുഹമ്മദ് റസൂലുല്ലാഹ്ﷺ! മക്കയിൽനിന്നുള്ള ഈ പുറത്താകൽ താൽക്കാലികമാണ്. നാം നിന്നോടു വാഗ്ദാനം ചെയ്യുന്നു, നാം നിനക്ക് വീണ്ടും അവസരം നൽകുകയും, അങ്ങ് മക്കയുടെ അധിപനായിത്തീരുകയും ചെയ്യുന്നതായിരിക്കും.'എന്നാൽ, അല്ലാഹു തന്റെ വിശ്വസ്തരായ ദാസരോടു വാഗ്ദാനങ്ങൾ ചെയ്യുമ്പോൾ, അവർ ആ വാഗ്ദാനം നിറവേറ്റാൻ ശ്രമിക്കുമെന്ന് അവരിൽനിന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. അല്ലാതെ അല്ലാഹു അവരോടു വാഗ്ദാനം ചെയ്യുമ്പോൾ അവർ കൈയുംകെട്ടി ഇരിക്കുകയും, ആ വാഗ്ദാനം നിറവേറ്റാൻ ശ്രമിക്കാതിരിക്കുകയും, അല്ലാഹു വാഗ്ദാനം ചെയ്ത സ്ഥിതിക്ക് അവൻതന്നെ അത് നിറവേറ്റിക്കൊള്ളും, നമ്മളെന്തിനാണ് അത് നിറവേറ്റാൻ ശ്രമിക്കുന്നതെന്ന് ചിന്തിക്കുകയും ചെയ്യരുത്.

ഹദ്റത്ത് മൂസാ നബിയുടെﷺസമുദായത്തോടു അല്ലാഹു വാഗ്ദാനം ചെയ്തിരുന്നു, അവർക്ക് കാനാൻ രാജ്യം ലഭിക്കുമെന്ന്. ഹദ്റത്ത് മൂസാനബിﷺതന്റെ സമുദായത്തെയുംകൂട്ടി പുറപ്പെട്ടു. ആ രാജ്യം മുന്നിൽ വന്നപ്പോൾ, അദ്ദേഹം തന്റെ സമൂഹത്തോടു പറഞ്ഞു: 'പോകുക, യുദ്ധം ചെയ്ത് ഈ രാജ്യം കൈവശപ്പെടുത്തുക.' ഹദ്റത്ത് മൂസാനബിയുടെﷺസമുദായം അബദ്ധവശാൽ ചിന്തിച്ചു, അല്ലാഹു ഈ രാജ്യം ഞങ്ങൾക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്ത സ്ഥിതിക്ക്, അവൻതന്നെ ആ വാഗ്ദാനം നിറവേറ്റുകയും ഈ രാജ്യം ഞങ്ങളുടെ കൈവശം നൽകുകയും ചെയ്യും. നമ്മൾ ഈ രാജ്യം കീഴടക്കുകയാണെങ്കിൽപ്പിന്നെ വാഗ്ദാനം കൊണ്ടെന്ത് പ്രയോജനമാണ്? വാഗ്ദാനം ചെയ്തത് അല്ലാഹുവാണ്, അതിനാൽ അവൻതന്നെ അത് നിറവേറ്റട്ടെ. ഞങ്ങൾക്ക് അതിനുവേണ്ടി ഒരു പരിശ്രമത്തിന്റെയും ആവശ്യമില്ല. അങ്ങനെ അവർ ഹദ്റത്ത് മൂസാ നബിയോട്ﷺപറഞ്ഞു: ഇദ്ഹബ് അൻത വറബ്ബുക്ക ഫഖാത്തിലാ ഇന്നാ ഹാഹുനാ ഖാഇദൂൻ. മൂസാ, ഈ രാജ്യം അല്ലാഹു ഞങ്ങൾക്ക് നൽകുമെന്ന് നിങ്ങൾ ഞങ്ങളോട് പറയാറുണ്ടായിരുന്നല്ലോ. ഇപ്പോൾ എല്ലാ ഉത്തരവാദിത്വവും നിന്റേയോ നിന്റെ ദൈവത്തിന്റേയോ മേലാണുള്ളത്. ഞങ്ങൾ രാജ്യം കീഴടക്കുകയാണെങ്കിൽപ്പിന്നെ നിന്റേയും നിന്റെ ദൈവത്തിന്റെയും വാഗ്ദാനങ്ങൾ കൊണ്ട് എന്ത് പ്രയോജനമാണുള്ളത്? ഈ രാജ്യം ഞങ്ങൾക്ക് തീർച്ചയായും ലഭിക്കുമെന്നത് ദൈവികവാഗ്ദാനമാണെന്ന് നീ ഞങ്ങളോട് പറയാറുണ്ടായിരുന്നതല്ലേ? അതിനാൽ, ഇപ്പോൾ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുക, ഞങ്ങൾ ഇവിടെ ഇരിക്കുന്നതാണ്. ഞങ്ങളൊന്നും ചെയ്യുകയില്ല. നീ രാജ്യം കീഴടക്കി ഞങ്ങൾക്ക് നൽകുമ്പോൾ ഞങ്ങൾ അതിൽ പ്രവേശിക്കാം. ഇപ്പോൾ, പ്രത്യക്ഷത്തിൽ അവരുടെ ഈ വാദം ശരിയായിത്തോന്നാം. ഒരാൾ മറ്റൊരാളോട് 'ഞാൻ നിങ്ങൾക്ക് ഇന്ന സാധനം തരാമെന്ന് പറയുകയും, എന്നിട്ട് അയാൾ വന്ന് അതാവശ്യപ്പെടുകയും, അപ്പോൾ അയാൾ 'പോയി കടയിൽ നിന്ന് വാങ്ങിക്കൊള്ളൂ' എന്ന് പറയുകയും ചെയ്താൽ, 'കടയിൽ നിന്നുതന്നെ വാങ്ങേണ്ടിയിരുന്നെങ്കിൽപ്പിന്നെ അവനോടു വാഗ്ദാനം ചെയ്യേണ്ടിയിരുന്നില്ലല്ലോ എന്നായിരിക്കും എല്ലാവരും പറയുക.' അതിനാൽ, പ്രത്യക്ഷത്തിൽ ഇത് ന്യായമുള്ള കാര്യമായി തോന്നാമെങ്കിലും ദൈവിക വ്യവസ്ഥിതിയിൽ ഇത് തികച്ചും വിവേകശൂന്യമായ കാര്യമാണ്. അതുകൊണ്ട് അല്ലാഹു ബനീ ഇസ്റായേലിനെ പ്രശംസിക്കുകയല്ല ചെയ്തത്. നിങ്ങൾക്ക് യുദ്ധം ചെയ്യേണ്ട ആവശ്യമില്ല, ഈ രാജ്യം നിങ്ങൾക്ക് നേടിത്തരിക എന്നത് തന്റെ ഉത്തരവാദിത്തമാണെന്ന് അവൻ പറഞ്ഞില്ല. പ്രത്യുത അല്ലാഹു പറഞ്ഞു: 'നിങ്ങൾ എന്നെ അവഹേളിച്ചു, അതിനാൽ നിങ്ങളെ ഈ രാജ്യത്തുനിന്ന് ഒഴിവാക്കിയിരിക്കുന്നു. നാൽപ്പതുവർഷം നിങ്ങൾ കാടുകളിൽപ്പോയി അലഞ്ഞുതിരിയുക. നിങ്ങൾക്ക് ഈ രാജ്യത്തിന്റെ അവകാശികളാകാൻ സാധിക്കില്ല. നിങ്ങളുടെ പുതിയ തലമുറയായിരിക്കും ഈ രാജ്യത്തിന്റെ അവകാശികൾ, കാരണം നിങ്ങൾ എന്നെ അവഹേളിച്ചു. ഇത് മനുഷ്യന്റെ കാഴ്ചപ്പാടിൽ ശരിയും യുക്തിസഹവുമാണെന്ന് നിങ്ങൾക്ക് കാണാമെങ്കിലും ദൈവിക വ്യവസ്ഥിതിയുടെ കാര്യത്തിൽ വളരെ യുക്തിരഹിതവും മനുഷ്യനെ ശിക്ഷയ്ക്ക് അർഹനാക്കുകയുമാണ് ചെയ്യുന്നത്. ഇതിന് കാരണം, മനുഷ്യൻ വാഗ്ദാനം ചെയ്യുമ്പോൾ, അഭൗമികവും ഭൗമികവുമായ മാറ്റങ്ങളിൽ അവന് നിയന്ത്രണമില്ലെന്നതാണ്. അതായത്, ആകാശത്തും ഭൂമിയിലുമുണ്ടാകുന്ന മാറ്റങ്ങളിൽ അവന് അധികാരമില്ല. അതുകൊണ്ട് അവൻ വാഗ്ദാനം ചെയ്യുമ്പോൾ തന്റെ നിയന്ത്രണത്തിലുള്ള കാര്യങ്ങളാണ് ചെയ്യുന്നത്. എന്നാൽ, അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള വാഗ്ദാനമെന്നാൽ, ആ കാര്യം നിങ്ങൾക്ക് അസാധ്യമാണെങ്കിൽപ്പോലും, നമ്മുടെ സഹായത്തോടെ അത് നിങ്ങൾക്ക് ലഭിക്കുമെന്നാണ്.

നൂറുക്കണക്കിനു വർഷം ഫിർഔന്റെ അടിമകളായിരുന്ന, അവനുവേണ്ടി ഇഷ്ടികകളുണ്ടാക്കുകയും മരം വെട്ടുകയും ഏറ്റവും നിന്ദ്യമായ ജോലികൾവരെ ചെയ്യുകയും ചെയ്തിരുന്ന ഒരു ജനതയ്ക്ക്, ആദ് ജനത ഭരിച്ചിരുന്ന അത്രയും വലിയ ഒരു രാജ്യത്ത് എങ്ങനെയാണ് ആധിപത്യം സ്ഥാപിക്കാൻ കഴിയുമായിരുന്നത്? ഈ രാജ്യം ലഭിക്കുക അവർക്ക് എളുപ്പമായിരുന്നില്ല. എന്നാൽ, അല്ലാഹു പറഞ്ഞു:'രാജ്യം നേടുന്നത് നിങ്ങൾക്ക് അസാധ്യമായി തോന്നുന്നെങ്കിലും, നാം ഈ രാജ്യം നിങ്ങൾക്ക് നൽകുമെന്ന് വാഗ്ദാനം ചെയ്യുന്നു, നിങ്ങൾ എന്റെ സഹായത്തോടെ ഈ രാജ്യം സ്വന്തമാക്കും.'അതിനാൽ ദൈവികവാഗ്ദാനങ്ങളുടെ അർഥം, അവൻ വാഗ്ദാനം ചെയ്തതുകൊണ്ട് ഒരു ദാസനും പരിശ്രമിക്കേണ്ടതില്ലെന്നല്ല, പ്രത്യുത നിങ്ങൾ അക്കാര്യം നേടാൻ പരിശ്രമിക്കുമ്പോൾ അല്ലാഹു നിങ്ങളെ സഹായിക്കുകയും, നിങ്ങൾ അതിൽ വിജയിക്കുകയും ചെയ്യുമെന്നാണ്. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ ഒരുതരത്തിലുള്ളതും, മനുഷ്യന്റെ വാഗ്ദാനങ്ങൾ മറ്റൊരുതരത്തിലുള്ളതുമാണ്. പരിശ്രമങ്ങളുമായി ബന്ധപ്പെട്ട ദൈവിക വാഗ്ദാനങ്ങളുടെ കാര്യത്തിൽ മനുഷ്യന് ഭാഗഭാക്കാകേണ്ടതായി വരും. അവ നിറവേറ്റാൻ ശ്രമിക്കേണ്ടതായും വരും. മനുഷ്യൻ അതിൽ ഭാഗഭാക്കാകുകയോ അത് നിറവേറ്റാൻ ശ്രമിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, അവൻ ശിക്ഷയ്ക്ക് അർഹനായിത്തീരുന്നതാണ്. എന്നാൽ, മനുഷ്യന്റെ വാഗ്ദാനങ്ങൾ അങ്ങനെയല്ല. 'ഞാൻ നിങ്ങൾക്കായി അല്ലാഹുവിന്റെ വിധി മാറ്റിയെടുക്കുമെന്ന് മനുഷ്യന് പറയാൻ കഴിയില്ല, കാരണം അത് അവന്റെ നിയന്ത്രണത്തിലല്ല. അങ്ങനെ പറഞ്ഞാൽ വിധി മാറ്റാൻ നീയാരാണെന്നായിരിക്കും നാം അവനോടു ചോദിക്കുക. എന്നാൽ നിങ്ങളങ്ങനെ ചെയ്യുകയാണെങ്കിൽ ഞാൻ നിങ്ങളെ സഹായിക്കും; എന്റെ കൽപ്പനയനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഞാൻ നിങ്ങളുടെ വിധി മാറ്റിക്കളയുമെന്ന് അല്ലാഹുവിന് പറയാൻ കഴിയും. കാരണം വിധി അവന്റെ കൈകളിലാണ്, അവൻ ഉദ്ദേശിക്കുമ്പോൾ അത് മാറ്റാൻ അവന് കഴിയും. നബിതിരുമേനിﷺയ്ക്ക് മക്കാവിജയത്തെക്കുറിച്ച് വാഗ്ദാനം നൽകപ്പെട്ടതോടൊപ്പം മുസ്‌ലിമീങ്ങളോടു ഇങ്ങനെയും പറഞ്ഞു: 'അല്ലയോ മുസ്‌ലിമീങ്ങളേ! മൂസാനബിയുടെ സമൂഹത്തെപ്പോലെ, അല്ലാഹു മക്ക നല്കാമെന്ന് വാഗ്ദാനം ചെയ്തതുകൊണ്ട് അവൻ തന്നെ അത് നിറവേറ്റിക്കൊള്ളും അതിന് നമുക്ക് പരിശ്രമിക്കേണ്ട ആവശ്യമില്ലെന്ന് നിങ്ങൾ കരുതരുത്. പ്രത്യുത നിങ്ങൾക്കും അത് നിറവേറ്റാൻ പരിശ്രമിക്കേണ്ടിവരും.

ദൈവിക വാഗ്ദാനത്തിന്റെ അർഥം ഇതാണ്: 'നിങ്ങൾ ദുർബലരാണ്. നിങ്ങൾ ദുർബലരായിരുന്നില്ലെങ്കിൽ, മക്ക ഉപേക്ഷിച്ച് നിങ്ങൾ വരേണ്ട ആവശ്യമെന്തായിരുന്നു? മക്ക ഉപേക്ഷിക്കുക എന്നതിന്റെ അർഥം നിങ്ങൾ ദുർബലരായിരുന്നുവെന്നും നിങ്ങളുടെ ശത്രു ശക്തനായിരുന്നുവെന്നുമാണ്. എന്നാൽ, അല്ലാഹു നിങ്ങൾക്ക് ശക്തി നൽകുകയും നിങ്ങൾ ശത്രുവിൽനിന്ന് മക്കയെ തിരിച്ചുപിടിക്കുകയും ചെയ്യും. അതുകൊണ്ട് **മിൻ ഹയ്ഥു ഖറജ്ത്ത ഫവല്ലി വജ്ഹക്ക ശത്റൽ മസ്ജിദിൽ ഹറാമി** എന്നതിന്റെ അർഥം ഇങ്ങനെയാണ്: 'നിങ്ങൾ എവിടെനിന്ന് പുറപ്പെട്ടാലും, നിങ്ങളുടെ ലക്ഷ്യം മക്കയെ കീഴടക്കുക എന്നതായിരിക്കണം.' 'ഖുറൂജ്' എന്നതിന് സൈനികനീക്കം എന്നും അർഥമുണ്ട്. ആ സാഹചര്യത്തിൽ, ആയത്തിന്റെ അർഥം ഇപ്രകാരമായിരിക്കും: 'നിങ്ങളെവിടെ സൈനികനീക്കം നടത്തിയാലും, ഏതുസ്ഥലത്ത് യുദ്ധത്തിനുപോയാലും, നിങ്ങൾ കിഴക്കോട്ടോ തെക്കോട്ടോ പടിഞ്ഞാറോട്ടോ വടക്കോട്ടോ പുറപ്പെട്ടാലും നിങ്ങളുടെ ഈ പുറപ്പെടൽ

മക്കയുടെ വിജയത്തിന് അടിത്തറ പാകുന്ന ലക്ഷ്യത്തോടെ ആയിരിക്കണം.' ഉദാഹരണത്തിന്, നിങ്ങൾക്ക് തെക്കുഭാഗത്തുള്ള ഒരു ശത്രുവിനെ ആക്രമിക്കണമെന്നുണ്ടെങ്കിൽ ആ ശത്രുരാജ്യത്തിന്റെ പടിഞ്ഞാറു ഭാഗത്ത് അവന്റെ കൂട്ടുകാരുണ്ടെന്നും അവർ പിന്നിൽനിന്ന് ആക്രമിച്ചേക്കുമെന്നും നിങ്ങൾ സംശയിക്കുന്നപക്ഷം നിങ്ങളാദ്യം പടിഞ്ഞാറു ഭാഗത്ത് ആക്രമണം നടത്തി അവരെ പരാജയപ്പെടുത്തുകയാണെങ്കിൽ, ഈ പടിഞ്ഞാറൻ ആക്രമണം യഥാർഥത്തിൽ തെക്കൻ ആക്രമണത്തിന്റെ മുന്നോടിയായിരിക്കും. അതുപോലെ, ആ ജനതയുടെ കൂട്ടാളികൾ വടക്കുഭാഗത്ത് താമസിക്കുകയാണെങ്കിൽ, നിങ്ങളാദ്യം അവരെ ആക്രമിച്ചാൽ, നിങ്ങളുടെ ഈ ആക്രമണം യഥാർഥത്തിൽ തെക്കിനെതിരെയുള്ളതായിരിക്കും. കാരണം നിങ്ങളുടെ യഥാർഥ ലക്ഷ്യം തെക്കുഭാഗത്തെ ശത്രുക്കളെ ആക്രമിക്കുക എന്നതാണ്. ഈ തത്ത്വത്തിലേക്ക് ചൂണ്ടിക്കൊണ്ട് അല്ലാഹു പറയുന്നു: 'അല്ലയോ മുസ്‌ലിമീങ്ങളേ! നിങ്ങളേതു ജനതയിലേക്കും രാജ്യത്തേക്കും പ്രദേശത്തേക്കും മുന്നേറ്റം നടത്തുകയാണെങ്കിലും നിങ്ങളുടെ ലക്ഷ്യം മക്കയുടെ നേർക്കായിരിക്കണം. കാരണം അല്ലാഹു അത് നിങ്ങളുടെ കൈകളാൽ ജയിച്ചടക്കാനാഗ്രഹിക്കുന്നു. നബിﷺതിരുമേനിയുടെ യുദ്ധങ്ങളിലേക്ക് നമ്മൾ നോക്കുമ്പോൾ, ഈ സ്വഭാവം അതിൽ പ്രകടമായി കാണാൻ സാധിക്കും. അവിടുത്തെ എല്ലാ യുദ്ധങ്ങളുടെയും പ്രധാന ലക്ഷ്യം മക്കയുടെ വിജയമായിരുന്നു. ഏതൊരു യുദ്ധത്തിൽ ഈ ലക്ഷ്യം നഷ്ടപ്പെടുന്നതായി അദ്ദേഹം കണ്ടുവോ, അല്ലെങ്കിൽ ഏതൊരു ജനതയുമായുള്ള യുദ്ധം മക്കയുടെ വിജയത്തിന് കാലതാമസം വരുത്തുമെന്ന് അവിടുന്ന് മനസ്സിലാക്കിയോ, അത്തരം സന്ദർഭങ്ങളിൽ പ്രകോപനങ്ങളുണ്ടായിട്ടും ആ മഹാത്മാവ് മൗനം പാലിക്കുകയും കണ്ണടയ്ക്കുകയും ചെയ്തു. അങ്ങനെ, നബിﷺതിരുമേനിയെ നേരിടാൻ പല ജനവിഭാഗങ്ങളും ഒരുങ്ങുകയും പ്രകോപനങ്ങൾ സൃഷ്ടിക്കുകയും ചെയ്തെങ്കിലും അവിടന്ന് എല്ലായ്പ്പോഴും അവഗണിക്കുകയാണ് ചെയ്തത്. പക്ഷേ, മക്കയുടെ വിജയം സാധ്യമാക്കുന്ന ഒരു ജനവിഭാഗം ഉയർന്നുവന്നപ്പോൾ, അവിടുന്ന് തീർച്ചയായും അവരുമായി യുദ്ധം ചെയ്തു. സകല ഇസ്‌ലാമിക യുദ്ധങ്ങളേയും പരിശോധിക്കുന്ന പക്ഷം അവയ്ക്ക് ഒരു യുക്തിഭദ്രമായ തലമുണ്ടായിരുന്നെന്ന് മനസ്സിലാകും. പ്രത്യേകിച്ച്, മക്കാ വിജയത്തിന് മുമ്പേയുണ്ടായ എല്ലാ യുദ്ധങ്ങളുടെയും ലക്ഷ്യം മക്കാവിജയത്തിന് വഴി ഒരുക്കുക എന്നതായിരുന്നു.

ഈ വചനത്തിന്, 'നിങ്ങൾ എവിടെനിന്ന് പുറപ്പെട്ടാലും ഖിബ്‌ലയുടെ നേർക്ക് തിരിയുക' എന്നാണർഥമെങ്കിൽ, മുമ്പേ പറഞ്ഞതുപോലെ, **മിൻ ഹയ്ഥു ഖറജ്ത്ത** എന്ന വാക്കുകൾ ഈ സൂക്തത്തിൽ ഉണ്ടാകുമായിരുന്നില്ല. മറിച്ച്, ആ വാക്കുകൾക്കു പകരം 'നിങ്ങളെവിടെയായിരുന്നാലും ഖിബ്‌ലയുടെ നേർക്ക് തിരിയുക' എന്നായിരിക്കും ഉണ്ടാകുക. ഖിബ്‌ലയുടെ നേർക്ക് തിരിയാൻ 'എവിടെയായിരുന്നാലും' എന്ന വാക്കുകളാണാവശ്യം, അല്ലാതെ 'നിങ്ങൾ എവിടെ നിന്ന് പുറപ്പെട്ടാലും ഖിബ്‌ലയുടെ നേർക്ക് തിരിയുക' എന്നല്ല. കാരണം, ആളുകൾ പുറപ്പെടുന്ന സമയത്ത് നമസ്കരിക്കാറില്ല. പുറപ്പെടുമ്പോൾ ആളുകൾ നടക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ വചനത്തിന് നമസ്കാരവുമായി ഒരു ബന്ധവുമില്ല. പ്രത്യുത ഈ വചനത്തിന് ഒരർഥം മാത്രമേയുള്ളൂ: നിങ്ങൾ എവിടെനിന്ന് പുറപ്പെട്ടാലും അത് കിഴക്കു ഭാഗത്തുനിന്നുള്ള സ്ഥലമാകട്ടെ, പടിഞ്ഞാറോട്ടു തിരിഞ്ഞിരിക്കുന്ന സ്ഥലമാകട്ടെ, വടക്കോട്ട് തിരിഞ്ഞിരിക്കുന്ന സ്ഥലമാകട്ടെ, തെക്കേ ദിശയിലുള്ള സ്ഥലമാകട്ടെ നിങ്ങളുടെ മുഖം മക്കയുടെ നേർക്കായിരിക്കണം. അതായത്, നിങ്ങളുടെ ശ്രദ്ധയും ചിന്തയും മനസ്സും മക്കയെ കീഴടക്കുക എന്നതിലായിരിക്കണം. അവിടെ ഇസ്‌ലാം സ്ഥാപിക്കുകയും അറേബ്യ മുഴുവൻ നിങ്ങളുടെ സ്വാധീനത്തിലാക്കുകയും ചെയ്യുക എന്നതായിരിക്കണം.

'വുജൂഹ്' എന്ന വാക്കിന് ദിക്കുകൾ എന്നും അർഥമുണ്ട്. അതുകൊണ്ട് ഇതിനർഥം നിങ്ങളുടെ ഒരേയൊരു ലക്ഷ്യം കഅ്ബയെ കീഴടക്കി ഇസ്‌ലാമിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ്. കാരണം, മക്കയിൽ ഇസ്‌ലാം വ്യാപിക്കുകയും മക്ക മുസ്‌ലിമീങ്ങൾക്ക് കീഴടങ്ങുകയും ചെയ്യുന്നതുവരെ ബാക്കിയുള്ള അറേബ്യ മുഴുവൻ മുസ്‌ലിമാവുകയില്ല. ഇതായിരുന്നു മുസ്‌ലിമീങ്ങൾക്ക് നിശ്ചയിച്ച പരിപാടി. ഇത് അവരുടെ ശക്തിക്കതീതമായിരുന്നു എന്നതിൽ സംശയമില്ല. അറേബ്യയിലെ ഭരണകൂടം ഒരു സംഘടിത ഭരണകൂടമായിരുന്നില്ല എന്നത് ശരിയാണ്. എന്നാൽ, അവിടെ ആഭ്യന്തര കലഹവുമുണ്ടായിരുന്നില്ല. പല രാജാക്കന്മാരും അതിനോടു ബന്ധം പുലർത്തിക്കൊണ്ട് ഉടമ്പടി ചെയ്യുകയായിരുന്നു പതിവ്. അതുപോലെ, മക്ക പൂർണ്ണമായും സംഘടിതമായിരുന്നില്ലെങ്കിലും പതിനഞ്ച് ഇരുപതുലക്ഷംവരെ ജനസംഖ്യയുള്ള ഒരു രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു അത്. ചുറ്റുമുള്ള എല്ലാ ഗോത്രങ്ങളുടെയും കണ്ണുകൾ അതിലായിരുന്നു. അതിന്റെ തീരുമാനങ്ങളെയും ഉത്തരവുകളെയും അനുസരിക്കേണ്ടത് തങ്ങളുടെ കടമയായി അവർ കണ്ടിരുന്നു. അക്കാലത്തിന്റെ അടിസ്ഥാനത്തിൽ അതൊരു വലിയ നഗരമായിരുന്നു. പതിനയ്യായിരമോ പതിനാറായിരമോ ആയിരുന്നു അതിലെ ജനസംഖ്യ. അതിലെ എല്ലാ നിവാസികളും മാത്രമല്ല പ്രത്യുത രാജ്യം മുഴുവനുമുള്ള പതിനഞ്ച് ഇരുപതു ലക്ഷമാളുകളും യോദ്ധാക്കളായിരുന്നു. യുദ്ധകലയിൽ അവർക്ക് വലിയ വൈദഗ്ദ്ധ്യമുണ്ടായിരുന്നു. അവർ ധീരരും പോരാളികളുമായിരുന്നു, അവരെ നേരിടുക മുസ്‌ലിമീങ്ങൾക്ക് എളുപ്പമായിരുന്നില്ല. ഈ ആയത്ത് നബിﷺതിരുമേനിക്ക് അവതരിച്ചപ്പോൾ മുസ്‌ലിമീങ്ങൾക്ക് നാന്നൂറോ അഞ്ഞൂറോ സൈനികർ മാത്രമേ ഉണ്ടായിരുന്നുള്ളൂ; കൂടിപ്പോയാൽ ആയിരം. സ്ത്രീകളെയും കുട്ടികളെയും ഉൾപ്പെടെ അവരുടെ ആകെ എണ്ണം പതിനൊന്നായിരമോ പന്ത്രണ്ടായിരമോ കാണും. ഇതിൽക്കൂടുതൽ മുസ്‌ലിമീങ്ങളുണ്ടായിരുന്നില്ല. അവരുടെ സൈനികശക്തിയാകട്ടെ എടുത്തു പറയാൻ പറ്റുന്നതുമായിരുന്നില്ല. മുസ്‌ലിമീങ്ങൾ വളരെ ദുർബലരായിരുന്ന അത്തരം അവസ്ഥയിൽ, അവരുടെ എണ്ണം അവിശ്വാസികൾക്കെതിരിൽ തുലോം കുറവായിരുന്നപ്പോൾ, അവരുടെ പക്കൽ യുദ്ധസാമഗ്രികൾ ഒന്നുമില്ലാതിരുന്നപ്പോൾ, അവരുടെ സൈനികശക്തി അവിശ്വാസികൾക്കെതിരിൽ ഒന്നുമല്ലാതിരിക്കുന്ന അവസ്ഥയിലാണ് അല്ലാഹു അവരെ വെല്ലുവിളിച്ചു പറയുന്നത്: "ഈ മുസ്‌ലിമീങ്ങൾ നിങ്ങൾക്ക് കുറച്ചായും ദുർബലരും ശക്തിയില്ലാത്തവരുമായും തോന്നാമെങ്കിലും, ഒരു ദിവസം ഇവർ നിങ്ങളുടെ രാജ്യം കീഴടക്കും. നിങ്ങളുടെ തലസ്ഥാനം കൈവശപ്പെടുത്തും. അവിടെ അവർക്കെത്രമാത്രം ആധിപത്യം ലഭിക്കുമെന്നാൽ, അവരവിടെ ഇസ്‌ലാമിക നിയമങ്ങൾ നടപ്പിലാക്കുകയും, അറേബ്യൻ മണ്ണിൽനിന്ന് കുഫ്ർ അഥവാ അവിശ്വാസത്തെ പൂർണമായും ഇല്ലാതാക്കുകയും ചെയ്യും."മുസ്‌ലിമീങ്ങളുടെ അന്നത്തെ അവസ്ഥവെച്ചു നോക്കുമ്പോൾ ഇതൊരു ഭ്രാന്തമായ വാദമായിരുന്നു. മാത്രമല്ല, ഈ വാദം ഒരു പ്രത്യേക പ്രദേശത്ത് ഒതുങ്ങിനിന്നതുമായിരുന്നില്ല, മറിച്ച് ഈ വാദത്തിന്റെ സ്വാധീനം പ്രവിശാലമായിരുന്നു. കാരണം, ഇതിൽ മക്കയെ കീഴടക്കുന്നതിനെക്കുറിച്ചുള്ള പ്രവചനം മാത്രമല്ല ഉണ്ടായിരുന്നത്, അറേബ്യയുടെമേൽ ആധിപത്യം നേടുന്നതിനെക്കുറിച്ചുള്ള പ്രഖ്യാപനം മാത്രമല്ല ഉണ്ടായിരുന്നത് പ്രത്യുത ക്രിസ്തുമതത്തേയും യഹൂദമതത്തേയും അഗ്നി ആരാധകരേയും വെല്ലുവിളിക്കുകയായിരുന്നു. ഈ മതങ്ങളെയെല്ലാം പരാജയപ്പെടുത്തി ലോകം മുഴുവൻ ഇസ്‌ലാം ആധിപത്യം നേടുമെന്ന് ശക്തമായി പ്രഖ്യാപിക്കുകയും ചെയ്തു. എതിരാളികളുടെ ദൃഷ്ടിയിൽ ഈ വാദം വെറുമൊരു ഭ്രാന്തമായ വാദമായിരുന്നു. അതുകൊണ്ടാണ് അവിശ്വാസികൾ നബിﷺതിരുമേനിയെ നഊദുബില്ലാഹ് ഭ്രാന്തനെന്ന് വിളിച്ചിരുന്നത്. സ്വഹാബികളെയും അവർ ഭ്രാന്തന്മാരായി കണ്ടു. കാരണം ഈ ഭൗതിക ലോകത്ത് പൂർത്തിയാക്കാൻ സാധ്യതയില്ലാത്ത ഒരു വാദമാണ് അവർ ഉന്നയിച്ചിരുന്നത്. എന്നാൽ, യാഥാർഥ്യമെന്തെന്നാൽ, അസാധാരണമായ കാര്യങ്ങൾ ചെയ്യുന്നതിന് ഓരോ വ്യക്തിയുടെയും ഉള്ളിൽ ഏതുവരെ ഒരു പ്രത്യേക


• ഹദീഥുന്നബ്‌വിﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വിﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

അവസ്ഥ ഉണ്ടാകുന്നില്ലയോ-വൈദ്യശാസ്ത്രത്തിൽ അതിനെ 'മോണോമാനിയ' എന്നു പറയുന്നു- അതായത് കോവലമൊരു കാര്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കൽ. അവൻ മറ്റെല്ലാ ഉദ്ദേശ്യങ്ങളേയും മറക്കാത്തതുവരെ, അവന്റെയുള്ളിൽ എപ്പോഴും ഒരു വിരോധവും അസ്വസ്ഥതയും നിലനിൽക്കുന്നതുവരെ അസാധാരണമായ കാര്യങ്ങൾ ചെയ്യുന്നതിന് ഭ്രാന്തമായ ഒരു അവസ്ഥ ഉണ്ടാകുന്നതുവരെ അക്കാര്യങ്ങളിൽ ഒരിക്കലും വിജയം നേടാൻ കഴിയില്ല. ഈ വചനത്തിൽ വിശുദ്ധഖുർആൻ ഇക്കാര്യത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്: നിങ്ങൾ മറ്റുള്ള എല്ലാ ഉദ്ദേശ്യങ്ങളും മറക്കുക. ഇസ്‌ലാമിനുവേണ്ടി മക്കയെ കീഴടക്കുക എന്ന ലക്ഷ്യം മാത്രം നിങ്ങളുടെ മുന്നിൽ വെക്കുക. ഈ കേന്ദ്രവും ഈ കോട്ടയും നിങ്ങൾക്കു ലഭിക്കാതെ, മുഴുവൻഅറേബ്യയേയും പിന്നീട് മുഴുവൻലോകത്തേയും നിങ്ങൾക്ക് കീഴ്പ്പെടുത്താൻ കഴിയുകയില്ല. വിശുദ്ധ ഖുർആൻ ഈ ആയത്തിൽ അതിലേക്കാണ് ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്; നിങ്ങൾ മറ്റുള്ള എല്ലാ ഉദ്ദേശ്യങ്ങളും മറന്നുകളയുക. നമുക്ക് മക്കയെ ഇസ്‌ലാമിനുവേണ്ടി ജയിച്ചടക്കണമെന്ന ഉദ്ദേശ്യം മാത്രം മുന്നിൽവെക്കുക. ഈ കേന്ദ്രവും ഈ കോട്ടയും നിങ്ങൾ കരസ്ഥമാക്കാത്തിടത്തോളം മുഴുവൻ അറേബ്യയുടെമേലും പിന്നീട് മുഴുവൻ ലോകത്തിന്റെ മേലും നിങ്ങൾക്ക് വിജയം വരിക്കാൻ സാധിക്കുകയില്ല. ഇവിടെ ഒരു ചോദ്യമുണ്ട്, നിങ്ങളേതു സ്ഥലത്തുനിന്ന് പുറപ്പെട്ടാലും മസ്ജിദുൽ ഹറാമിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കുക എന്ന് അല്ലാഹു എന്തിന് പറഞ്ഞു? നിങ്ങൾ ഏത് ദിശയിലേക്ക് ആക്രമണം നടത്തിയാലും മസ്ജിദുൽ ഹറാമിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കുക എന്ന് എന്തുകൊണ്ട് പറഞ്ഞില്ല? ഇതിനുള്ള ഉത്തരം ഇതാണ്: പുറപ്പെടുന്ന സമയത്താണ് ഈ ആക്രമണത്തിന്റെ ലക്ഷ്യം എന്താണെന്ന് തീരുമാനിക്കുന്നത്. ഒരാൾ ആദ്യം യുദ്ധം ആരംഭിക്കുകയും പിന്നീട് അതിന്റെ ലക്ഷ്യം ചിന്തിക്കുകയും ചെയ്യുകയില്ല. അതുകൊണ്ട് മക്കയുടെ വിജയമെന്ന ലക്ഷ്യം മുന്നിൽ വെക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ഉദ്ദേശിച്ചിരുന്നതിനാൽ നിങ്ങൾ പുറപ്പെടുമ്പോൾ, ഈ യുദ്ധം മക്കയുടെ വിജയത്തിലെന്ത് സ്വാധീനം ചെലുത്തുമെന്ന് നോക്കുക എന്ന് പറഞ്ഞു. ആ യുദ്ധം മക്കയുടെ വിജയത്തിന് സഹായകമല്ലെങ്കിൽ അത് ഉപേക്ഷിക്കുക. എന്നാൽ, ഇതിൽനിന്ന് ഇസ്‌ലാം അതിന്റെ അനുയായികൾക്ക് അക്രമപരമായ യുദ്ധത്തിന് അനുവാദം നൽകുന്നുവെന്ന് മനസ്സിലാക്കരുത്. കാരണം, ഈ സൂക്തങ്ങൾ വെളിപ്പെടുന്നതിന് മുമ്പേ തന്നെ കാഫിരീങ്ങളുമായി യുദ്ധങ്ങൾ ആരംഭിച്ചിരുന്നുവെന്ന് ചരിത്രം തെളിയിക്കുന്നു. **മിൻ ഹയ്ഥു ഖറജ്ത്ത** എന്നതിൽ നബിﷺ തിരുമേനിയെ മാത്രമാണ് അഭിസംബോധന ചെയ്തിരിക്കുന്നതെന്നതും ഓർക്കണം. ഇതിനുകാരണം, നബിﷺതിരുമേനിക്കുശേഷം ഈ രീതിയിൽ മക്കയെ കീഴടക്കേണ്ട ആവശ്യം നിലനിൽക്കില്ലായിരുന്നു എന്നതാണ്. അങ്ങേയ്ക്കുശേഷം മക്കയുടെ നേർക്ക് ആക്രമണമുണ്ടാകുകയില്ല. മറിച്ച് അത് പൂർണ്ണമായും മുസ്‌ലിമീങ്ങളുടെ കൈവശമായിരിക്കുമുണ്ടാകുക. മക്കയെ വീണ്ടും ഭൗതികപരമായി കീഴടക്കേണ്ടി വരില്ലെന്നത് ഭാവിയിലേക്കുള്ള ഒരു പ്രവചനമായിരുന്നു. കാരണം, മക്കയുടെ മഹത്വം നിലനിറുത്താൻ കഴിവുള്ള ഒരു സജീവസംഘം സൃഷ്ടിക്കപ്പെടുന്നതായിരിക്കും. അതെപ്പോഴും മുസ്‌ലിമീങ്ങളുടെ കൈവശം തന്നെയായിരിക്കും. അതുകൊണ്ട് യുദ്ധത്തിനുള്ള ആ കാരണവും ഇവിടെ ഇല്ലാതാകുന്നു."*(തഫ്സീറെ കബീർ, വാള്യം 3, പേജ് 11-18, 2022 പതിപ്പ്)*

ഈ വ്യാഖ്യാനത്തിന്റെയും ആമുഖത്തിന്റെയും ആവശ്യകത ഇവിടെ ഉണ്ടായത്, ഭാവിയിൽ വരാനിരിക്കുന്ന മക്കാവിജയത്തിന്റെ സംഭവങ്ങൾ ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ എളുപ്പമാകുമെന്നതുകൊണ്ടാണ്. ബാക്കി ഇൻശാഅല്ലാഹ് അടുത്തതവണ വിശദീകരിക്കുന്നതാണ്.

ഇപ്പോൾ ഞാനൊരു ശഹീദിനെ അനുസ്മരിക്കുന്നതാണ്. നമസ്കാരശേഷം അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുന്നതുമാണ്. ബഹുമാന്യ ഡോക്ടർ ശെയ്ഖ് മുഹമ്മദ് മഹ്മൂദ് സാഹിബ്, സർഗോദ സ്വദേശിയായിരുന്നു. ശെയ്ഖ് മുബശ്ശിർ അഹ്മദ് സാഹിബ് ദഹ്‌ലവിയുടെ മകനാണ്. അഹ്മദിയ്യത്തിന്റെ ശത്രു മെയ് 16-ന് വെടിവെച്ച് അദ്ദേഹത്തെ ശഹീദാക്കി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* സംഭവദിവസത്തെ വിവരങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്: ഡോക്ടർ സാഹിബ് ജുമുഅ നമസ്കാരം കഴിഞ്ഞ് കുടുംബത്തോടൊപ്പം അദ്ദേഹം പ്രാക്ടീസ് ചെയ്തിരുന്ന സർഗോദയിലെ ഫാത്വിമ ഹോസ്പിറ്റലിലെത്തി. ഹോസ്പിറ്റലിൽ പ്രവേശിച്ച് പ്രധാന സ്വീകരണ സ്ഥലത്തൂടെ കടന്ന് എമർജൻസിക്ക് മുന്നിലുള്ള ഇടനാഴിയിൽവന്ന് തന്റെ മുറിയിലേക്ക് പോകുമ്പോൾ, അവിടെ നേരത്തെ നിന്നിരുന്ന ഒരു അജ്ഞാതൻ ഡോക്ടർ സാഹിബിന്റെ പിന്നാലെ വന്ന് ഒരു ഷോപ്പിംഗ് ബാഗിൽനിന്ന് പിസ്റ്റളെടുത്ത് പിന്നിൽനിന്ന് വെടിവെച്ചു. അദ്ദേഹത്തിന് രണ്ടു വെടിയേറ്റു. അത് ശരീരത്തിലൂടെ തുളച്ചുകയറി. ഉടൻതന്നെ സിവിൽ ഹോസ്പിറ്റലിൽ കൊണ്ടുപോയെങ്കിലും മുറിവുകൾ താങ്ങാനാവാതെ ഡോക്ടർ സാഹിബ് ശഹീദായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* സംഭവത്തിനുശേഷം അക്രമി ആയുധം വീശി ഹോസ്പിറ്റലിന് പുറത്ത് കാത്തുനിന്ന കൂട്ടാളിയോടൊപ്പം മോട്ടോർസൈക്കിളിൽ രക്ഷപ്പെട്ടു. ശഹാദത്ത് വരിക്കുമ്പോൾ അദ്ദേഹത്തിന് അറുപത്തിയൊമ്പത് വയസ്സായിരുന്നു. ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാമഹനായ ബഹുമാന്യ ബാബു ഇഅ്ജാസ് ഹുസയ്ൻ സാഹിബിന്റെ സഹോദരൻ, ഹദ്റത്ത് സർഫറാസ് ഹുസയ്ൻ സാഹിബ് ദഹ്‌ലവി (റളിയല്ലാഹു അൻഹു)മുഖേനയായിരുന്നു. അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ കൈകളിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേരാനുള്ള സൗഭാഗ്യം ലഭിച്ചു. പിന്നീട് ശഹീദ് മർഹൂമിന്റെ പിതാമഹനായ ബഹുമാന്യ ബാബു ഇഅ്ജാസ് ഹുസയ്ൻ സാഹിബ് ദഹ്‌ലവി തന്റെ സഹോദരൻവഴി ബയ്അത്ത് ചെയ്തു. ശഹീദ് മർഹൂമിന്റെ പിതാമഹൻ ബാബു ഇഅ്ജാസ് ഹുസയ്ൻ സാഹിബിനും അദ്ദേഹത്തിന്റെ മകൻ ബാബു നസീർ അഹ്മദ് സാഹിബിനും ഒരാൾക്കുശേഷം മറ്റൊരാൾ എന്ന നിലയിൽ ഡൽഹിയിലെ അഹ്മദിയ്യ ജമാഅത്തിന്റെ അമീറായി സേവനം ചെയ്യാനുള്ള അവസരം ലഭിച്ചു. ശഹീദ് മർഹൂം ലാഹോറിലെ എഫ്.സി.കോളേജിൽ നിന്ന് എഫ്.എസ്.സി. പൂർത്തിയാക്കി, പിന്നീട് റാവൽപിണ്ടി മെഡിക്കൽ കോളേജിൽ ച്ചേർന്ന് 1990-ൽ എം.ബി.ബി.എസ്. ബിരുദം നേടി. എം.ബി.ബി.എസ്സിനുശേഷം പഞ്ചാബ് പബ്ലിക് സർവീസ് കമ്മീഷൻ പരീക്ഷ പാസായി. നാലുവർഷം സർവീസ് ഹോസ്പിറ്റലിലും ജിന്നഹോസ്പിറ്റൽ ലാഹോറിലും ജോലി ചെയ്തു. 1998-ൽ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് യു.കെ.യുടെ അംഗത്വവും 2021-ൽ ഫെല്ലോഷിപ്പും ലഭിച്ചു. ശഹീദ് മർഹൂം 2001-ൽ സർഗോദയിലേക്ക് താമസം മാറ്റി. മനുഷ്യസേവനം ലക്ഷ്യംവച്ചാണ് അദ്ദേഹം സർഗോദയിലേക്ക് മാറിയത്. സർഗോദ ജില്ലയിലെ ആദ്യത്തെ കരൾ, ദഹനരോഗ വിദഗ്ധനായിരുന്നു അദ്ദേഹം. പിന്നീട് സർഗോദയിലെതന്നെ ഒരു സ്വകാര്യ ആശുപത്രിയിൽ ചേർന്നു. അതിന്റെ ഉടമയ്ക്ക് ഡോക്ടർ സാഹിബുമായി നല്ല ബന്ധമുണ്ടായിരുന്നു. പക്ഷേ, അയാൾ രാഷ്ട്രീയക്കാരനായിരുന്നു. 2018-ൽ ദേശീയ അസംബ്ലി തിരഞ്ഞെടുപ്പിൽ മത്സരിക്കേണ്ടിയിരുന്ന ആളായിരുന്നു അദ്ദേഹം. മൗലവിമാർ അയാളോടു തങ്ങൾ അങ്ങനെ ചെയ്യും ഇങ്ങനെ ചെയ്യുമെന്നൊക്കെ പറഞ്ഞ് ഭീഷണപ്പെടുത്തിയപ്പോൾ അദ്ദേഹം ഡോക്ടർ സാഹിബിനോടു പറഞ്ഞു: "താങ്കൾ ഹോസ്പിറ്റൽ വിട്ടു പോവുക. ഞാൻ നിർബന്ധിതനാണ്. ഇനി നിങ്ങൾക്ക് എന്റെ കൂടെ ജോലി ചെയ്യാൻ കഴിയില്ല." ഏതായാലും ഡോക്ടർ സാഹിബ് അവിടെനിന്ന് മറ്റൊരു ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു.

2001-ൽ സർഗോദയിലേക്ക് മാറിയതു മുതൽ റബ്‌വയിലെ ഫള്‌ലെ ഉമർ ഹോസ്പിറ്റലിൽ വിസിറ്റിംഗ് ഡോക്ടറായി കൃത്യമായി സേവനം ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ


• ഹദീഥുന്നബ്‌വിﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"തഹാദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം
സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

കൈകളിൽ രോഗശാന്തി വെച്ചിരുന്നു, നിരവധി രോഗികൾക്കാണ് അദ്ദേഹത്തിൽനിന്ന് പ്രയോജനം ലഭിച്ചത്. ഭൗതികമായ അറിവിനു പുറമെ മതപരമായ അറിവും അദ്ദേഹത്തിനുണ്ടായിരുന്നു. വിശുദ്ധ ഖുർആൻ വ്യാഖ്യാനം, തദ്കിറ, റൂഹാനി ഖസാഇൻ ഉൾപ്പെടെയുള്ള മറ്റു ജമാഅത്തുപരമായ പുസ്തകങ്ങളും തർക്ക വിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങളും അദ്ദേഹം നല്ലവണ്ണം പഠിച്ചിരുന്നു. ശഹീദ് മർഹൂമിന് സർഗോദ ജില്ലയുടെ നാഇബ് അമീറായി സേവനം ചെയ്യാനും അവസരം ലഭിച്ചിട്ടുണ്ട്. മെഡിക്കൽ അസോസിയേഷൻ സ്ഥാപിച്ചശേഷം അതിലെ അംഗമായിരുന്നു. 2024-ൽ വൈസ് പ്രസിഡന്റ് അസിസ്റ്റന്റായി നിയമിതനായി. കൂടാതെ സർഗോദ ചാപ്റ്ററിന്റെ പ്രസിഡന്റുമായിരുന്നു. കഴിഞ്ഞ മൂന്നു വർഷമായി അദ്ദേഹത്തിന് കാൻസർ രോഗമുണ്ടായിരുന്നിട്ടും സ്വന്തം രോഗത്തേക്കാൾ മറ്റുള്ളവരുടെ രോഗത്തിന് അദ്ദേഹം പ്രാധാന്യം നൽകി. എപ്പോഴും സേവനത്തിന് തയ്യാറായിരുന്നു. രോഗികളോടുള്ള സഹാനുഭൂതിയും സ്നേഹവും, ദരിദ്രർക്ക് സൗജന്യ ചികിത്സയും അദ്ദേഹത്തിന്റെ പ്രധാന ഗുണങ്ങളായിരുന്നു. ആവശ്യക്കാരായ രോഗികൾക്ക് സൗജന്യ ചികിത്സയ്ക്കുപുറമെ മടങ്ങിപ്പോകാനുള്ള യാത്രാക്കൂലിയും നൽകിയിരുന്നു. രോഗികളുടെ ചില പരിശോധനകൾ സ്വന്തം ചെലവിൽ ചെയ്യിക്കുമായിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ, സർഗോദ ജില്ലയിലെ ആദ്യത്തെ കരൾ, ദഹനരോഗ വിദഗ്ദ്ധനായിരുന്നു അദ്ദേഹം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിവാഹങ്ങളിൽ രഹസ്യമായി വലിയ സഹായങ്ങൾ ചെയ്തിരുന്നു. എഴുതിയിരിക്കുന്നു, ഒരു ആവശ്യക്കാരന് ദീർഘകാലമായി കൃത്യമായി സാമ്പത്തിക സഹായം നൽകിവരികയായിരുന്നു. ആദ്യം ആ വ്യക്തി മാസത്തിൽ ഒന്നോ രണ്ടോ തവണ വരുമായിരുന്നു. പിന്നീട് എല്ലാ രണ്ടാമത്തെ ദിവസവും മൂന്നാമത്തെ ദിവസവും വരാൻ തുടങ്ങി. എന്നിട്ടും ഡോക്ടർ സാഹിബ് അദ്ദേഹത്തെ സഹായിച്ചുകൊണ്ടേയിരുന്നു. ഒരു ദിവസം അയാൾ എന്തോ വാശി കൂടുതൽ കാണിച്ചിട്ടുണ്ടാകാം, ഡോക്ടർ സാഹിബ് സാധാരണയായി ദ്വേഷപ്പെടാറില്ലായിരുന്നു. വളരെ മൃദുലഹൃദയനായിരുന്നു. ഒരു കടുത്ത വാക്ക് അദ്ദേഹത്തിന്റെ വായിൽനിന്ന് പുറപ്പെട്ടെങ്കിലും, അദ്ദേഹത്തിന്റെ സ്വഭാവത്തിലെ മൃദുലതയും നന്മയും കാരണം ആ രാത്രി മുഴുവൻ അസ്വസ്ഥനും താനെന്തിനാണ് ആ കടുത്ത വാക്ക് പറഞ്ഞതെന്ന് ആലോചിച്ച് വിഷാദത്തിലുമായിരുന്നു. അടുത്ത ദിവസം അദ്ദേഹത്തെ വിളിച്ച് മാപ്പു ചോദിക്കുകയും പിന്നീട് സാമ്പത്തിക സഹായമായി നല്ലൊരു തുക നൽകുകയും ചെയ്തു.

ജമാഅത്തിലെ മുതിർന്ന വ്യക്തികളോടു വിശ്വാസപരമായ ബന്ധമുണ്ടായിരുന്നു. ആവശ്യമുള്ളപ്പോൾ റബ്വയിൽപോയി രോഗികളെ പ്രത്യേകം പരിശോധിച്ച് ചികിത്സ നിർദ്ദേശിച്ചിരുന്നു.

ശഹീദ് മർഹൂമിന്റെ മാതാവ്, ബഹുമാന്യ അമത്തുൽ ഹയ്യ് സാഹിബ പറയുന്നു: മർഹൂം മാതാപിതാക്കളെ വളരെ ബഹുമാനിച്ചിരുന്നു. ആവശ്യപ്പെടാതെതന്നെ എല്ലാ ആവശ്യങ്ങളും നിറവേറ്റിയിരുന്നു. ഞങ്ങളൊരിക്കലും ഒന്നും ആവശ്യപ്പെട്ടിട്ടില്ല. പക്ഷേ, അവൻ അത് നിറവേറ്റിയിരുന്നു. അവനിൽ കുട്ടിക്കാലം മുതൽക്കേ എണ്ണമറ്റ സവിശേഷതകളുണ്ടായിരുന്നു. സ്വന്തം കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന, ഖിലാഫത്തിനോട് അതിയായ സ്നേഹമുള്ള, ദരിദ്രരെയും രോഗികളെയും വളരെയധികം പരിപാലിക്കുന്ന വ്യക്തിയായിരുന്നു. സാമ്പത്തിക ഇടപാടുകളിൽ കൃത്യമായ കണക്കുകൾ സൂക്ഷിച്ചു. കുടുംബത്തിലെ എല്ലാവരെയും ഒരുമിച്ച് നിറുത്തിയിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ നൂർ സാഹിബ പറയുന്നു: 'കുട്ടികളെ എപ്പോഴും ജമാഅത്ത് വ്യവസ്ഥിതിയുമായി ബന്ധിപ്പിക്കാൻ ഉപദേശിക്കുമായിരുന്നു. ഖിലാഫത്തിനോടു അഗാധമായ വിശ്വാസമായിരുന്നു. പതിവായി ഖുത്ബകൾ കേൾക്കുകയും പ്രധാനപ്പെട്ട കാര്യങ്ങൾ ഡയറിയിൽ കുറിക്കുകയും ചെയ്തിരുന്നു. വളരെ കുറച്ചാളുകൾ മാത്രമേ ഇങ്ങനെ ചെയ്യാറുള്ളൂ. വാഖിഫീനെ സിന്ദഗിപോലും ഇങ്ങനെ ചെയ്യാറില്ല. ഖുത്ബകളുടെ പോയിന്റുകൾ ഭാവിയിൽ ഉപയോഗപ്പെടാൻ വേണ്ടി കുറിച്ചുവെച്ചിരുന്നു. ചന്ദകൾ അടയ്ക്കുന്നതിലും മാതൃകയായിരുന്നു. ശഹാദത്ത് വരിക്കുമ്പോൾ 2025-ലെ വസിയ്യത്ത് ചന്ദയടക്കമുള്ള എല്ലാ കണക്കുകളും തീർത്തിരുന്നു.

അദ്ദേഹത്തിന്റെ മകൻ ഡോക്ടർ ബസീർ, (അദ്ദേഹത്തിന് രണ്ടു ആൺകുട്ടികളും രണ്ടു പെൺകുട്ടികളുമടക്കം നാലു മക്കളുണ്ട്. ഒരു മകൻ ഡോക്ടറാണ്) പറയുന്നു: 'എപ്പോഴും ഖിലാഫത്തുമായി ബന്ധം നിലനിറുത്താൻ ഞങ്ങളെ ഉപദേശിച്ചിരുന്നു.' അദ്ദേഹത്തിന്റെ മകൾ സാഇമ പറയുന്നു: 'വളരെ സ്നേഹസമ്പന്നനായ പിതാവായിരുന്നു. എന്റെ പിതാവ് വിവാഹസമയത്ത് ഒരു ഉപദേശം നൽകിയിരുന്നു: 'മോളെ, നിന്റെ ഭർതൃവീട്ടിൽ പോയാൽ എപ്പോഴും ജമാഅത്ത് വ്യവസ്ഥിതിയുമായി ചേർന്ന് നിൽക്കുക. എപ്പോഴെങ്കിലും ജമാഅത്തിന് സേവനം ചെയ്യാനുള്ള അവസരം ലഭിച്ചാൽ ഒരിക്കലും നിരസിക്കരുത്.' പെൻഷനുശേഷവും(?) പിതാവ് പൊതുപ്രവർത്തനങ്ങളിൽ പ്പോലും ജമാഅത്ത് സേവനത്തിന്റെ ഒരു വശം കണ്ടെത്തുമായിരുന്നു.

അദ്ദേഹത്തിന്റെ ഒരു മരുമകൾ പറയുന്നു: 'അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന കാര്യത്തിൽ അദ്ദേഹം വളരെയധികം ഊന്നൽ നൽകിയിരുന്നു. ഏതൊരു കാര്യത്തിലും മാർഗ്ഗനിർദ്ദേശം ചോദിക്കുമ്പോൾ അദ്ദേഹം പ്രാർഥനയോടെ സംസാരിച്ചു തുടങ്ങുകയും പ്രാർഥനയോടെ അവസാനിപ്പിക്കുകയും ചെയ്യുമായിരുന്നു.'

അദ്ദേഹത്തിന്റെ സഹോദരി പറയുന്നു: 'ജമാഅത്തിന്നെതിരെ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം വളരെയധികം ദുഃഖിതനായിരുന്നു. രാത്രി എഴുന്നേറ്റ് നഫ്ൽ നമസ്കരിക്കുന്നതും തഹജ്ജുദ് നമസ്കരിക്കുന്നതും പതിവായിരുന്നു.

സർഗോദ ജില്ലാ അമീർ ഖാലിദ് മഹ്മൂദ് സാഹിബ് പറയുന്നു: 'ദരിദ്രരുടെ മിശിഹായും മഹാനുമായിരുന്നു അദ്ദേഹം. നാഫിഉന്നാസ്(ജനങ്ങൾക്ക് ഉപകാരി)എന്നതിലുപരി വിനയവും എളിമയും അദ്ദേഹത്തിന്റെ പ്രധാന ഗുണങ്ങളായിരുന്നു. ദരിദ്രരായ രോഗികൾക്ക് ഫീസ് മടക്കിക്കൊടുക്കുമായിരുന്നു. ജമാഅത്തിനായുള്ള ത്യാഗവും അദ്ദേഹത്തിന്റെ പ്രധാന ഗുണമായിരുന്നു. വാഗ്ദാനം ചെയ്ത ചന്ദകൾ കൃത്യമായി അടയ്ക്കുന്നതിനു പുറമെ, അധിക ചന്ദകൾ നൽകുന്നതിലും അദ്ദേഹം പ്രത്യേകം സഹായിക്കുമായിരുന്നു. ജമാഅത്ത് ഭാരവാഹികളെ അദ്ദേഹം വളരെയധികം ബഹുമാനിച്ചിരുന്നു.

സർഗോദയിലെ മുറബ്ബി സുബയ്ർ സാഹിബ് പറയുന്നു: 'ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട, മനുഷ്യത്വത്തിന്റെ സേവകൻ, സ്നേഹത്തിന്റെയും ദയയുടെയും പ്രതീകം, ലക്ഷക്കണക്കിനാളുകളുടെ രക്ഷകൻ, ഖിലാഫത്തിന്റെ ആരാധകൻ, സാക്ഷാൽ മാലാഖയായ ഒരു മനുഷ്യൻ ഞങ്ങളെ വിട്ടുപിരിഞ്ഞു. ശഹീദ് മർഹൂം ഒരു ദർവേശായിരുന്നു. ജീവിതത്തിന്റെ എല്ലാ വശങ്ങളും മാതൃകാപരമായിരുന്നു. ഏതൊരു ഭാരവാഹിയും വഖ്ഫെ സിന്ദഗിയും അദ്ദേഹത്തിന്റെ അടുത്ത് ചെന്നാൽ കസേരയിൽനിന്ന് എഴുന്നേറ്റുനിൽക്കുകയും, മടങ്ങിപ്പോകുമ്പോൾ വാതിൽക്കൽവരെ അനുഗമിക്കുകയും ചെയ്യുമായിരുന്നു.' സാഹചര്യം മോശമാണെന്നും ഒരു സുരക്ഷാജീവനക്കാരനെയോ സഹായിയെയോ കൂടെ കൂട്ടണമെന്നും മുൻകരുതലെടുക്കണമെന്നും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, ഡോക്ടർ സാഹിബ് എപ്പോഴും മറുപടി നൽകിയത്, 'ഞാൻ ഒരു കാവൽക്കാരനെയോ സഹായിയെയോ സുരക്ഷയ്ക്കായി കൂടെ കൂട്ടിയേക്കാം, പക്ഷേ, എന്നെ കൊല്ലാൻ ആരെങ്കിലും വന്നാൽ എന്റെ കാരണം കൊണ്ട് മറ്റൊരാളുടെ ജീവൻ നഷ്ടപ്പെടുന്നത് എനിക്ക് സഹിക്കാൻ കഴിയില്ല' എന്നായിരുന്നു. വാസ്തവത്തിൽ എതിരാളികൾ അദ്ദേഹത്തിനെതിരെ ജില്ലയിലുടനീളം ലഘുലേഖകൾ വിതരണം ചെയ്തിരുന്നു; 'ഇദ്ദേഹം വധിക്കപ്പെടേണ്ടവനാണ്, ശിക്ഷ ഇതാണ് അതാണ്' എന്നെല്ലാം പറഞ്ഞിരുന്നു. എന്നിട്ടും അദ്ദേഹമൊരിക്കലും അത്

• ഹദീഥുന്നബ്‌വി ﷺ •

"അത്തഅ്സിയത്തു മർറത്തുൻ."
അനുശോചനം ഒറ്റത്തവണ മതി.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

കാര്യമാക്കിയില്ല. എതിരാളികൾ അഹ്മദിക ളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കിയിരുന്നു, അതിൽ അഹ്മദി ഡോക്ടർമാരുടെ കൂട്ടത്തിൽ മൗല വിമാർ ഉന്നം വെച്ചിരുന്ന വ്യക്തികളിൽ ഡോ ക്ടർ സാഹിബിന്റെ പേര് ഒന്നാമതായിരുന്നു. ഒരു മൗലവി അക്രം തൂഫാനി അദ്ദേഹത്തെ വധിക്കണമെന്ന ഫത്വ് പുറപ്പെടുവിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്തിരുന്നു, പക്ഷേ, സർക്കാർ ഒരു നടപടിയും എടുത്തില്ല.

ഒരു ക്രിസ്ത്യൻ ആശുപത്രിയായ ഫാത്വിമ ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്ററും പാ തിരിയുമായ വ്യക്തി പറയുന്നു: "മനുഷ്യത്വ ത്തിന്റെ സേവകൻ ഞങ്ങളെ വിട്ടുപിരിഞ്ഞു. ഞങ്ങളുടെ ഹൃദയം ദുഃഖത്താൽ തകർന്നിരി ക്കുന്നു." ഈ ക്രിസ്ത്യൻ ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്ററും അദ്ദേഹത്തിന്റെ മാനേ ജ്മെന്റ് ജീവനക്കാരും മറ്റു സഹപ്രവർത്തക രും രക്തസാക്ഷിയായ ഡോക്ടറുടെ മയ്യിത്ത് നമസ്കാരത്തിൽ പങ്കെടുക്കാൻ റബ്വയിൽ വന്നിരുന്നു.

സാമൂഹിക മാധ്യമങ്ങളും അച്ചടി മാധ്യമ ങ്ങളും ഡോക്ടർ സാഹിബിന്റെ ശഹാദത്ത് റിപ്പോർട്ട് ചെയ്തു. ഒരു അസിസ്റ്റന്റ് കമ്മീ ഷണർ തന്റെ പോസ്റ്റിൽ എഴുതി. പക്ഷേ, ഇവർക്ക് എഴുതാൻ മാത്രമേ കഴിയൂ, ഒന്നും ചെയ്യാൻ കഴിയില്ല, കാരണം മൗലവിക്ക് മു ന്നിൽ നിൽക്കാനോ അവർക്കെതിരെ തീരുമാ നമെടുക്കാനോ ഉള്ള ധൈര്യം അവർക്കില്ല. എങ്കിലും, ഒരു സ്ത്രീയായിരുന്നിട്ടും തന്റെ പോസ്റ്റിൽ എഴുതാൻ അവർ ധൈര്യം കാണിച്ചു. അവർ എഴുതി: 'ശെയ്ഖ് മഹ്മൂദ് ദരിദ്രരുടെ മിശിഹാ ആയിരുന്നു. മികച്ച മെഡിക്കൽ സ് പെഷ്യലിസ്റ്റായിരുന്നു. ചിലപ്പോൾ ദരിദ്രർക്ക് വിലകൂടിയ ടെസ്റ്റുകൾ പോലും സൗജന്യ മാക്കി നൽകിയിരുന്നു. ജില്ലയിൽ ഡോക്ടർ സാഹിബിന്റെ ചികിത്സ ലഭിക്കാത്ത ഒരു കു ടുംബവും ഉണ്ടാകില്ല.' ഇവർ ജമാഅത്തിൽ പെട്ടവരല്ല, പക്ഷേ, അദ്ദേഹത്തെ പ്രശംസിക്കു ന്നു. അവർ പറയുന്നു: "മിക്കവാറും സൗജന്യ ചികിത്സയാണ് നൽകിയിരുന്നത്. ഇത് വളരെ വലിയ കാര്യമാണ്. എനിക്ക് ഇതിനെക്കുറിച്ച റിയാം. കാരണം ഞാനും ഒരു ഡോക്ടറാണ്. ഡോക്ടർ സാഹിബിന് മറ്റൊരു രാജ്യത്തു പോയി ധാരാളം പണം സമ്പാദിച്ച് ആഢം ബര ജീവിതം നയിക്കാമായിരുന്നു, പക്ഷേ, അദ്ദേഹം സർഗോദയിൽ മനുഷ്യസേവന ത്തിനാണ് മുൻഗണന നൽകിയത്." അവർ പറയുന്നു: "ഇന്ന് ആദ്യമായി ഒരു വ്യക്തിയുടെ വിയോഗത്തിൽ കണ്ണീർ വാർക്കുകയാണ്. എ നിക്ക് വ്യക്തിപരമായ ഒരു ബന്ധവുമില്ലാത്ത ഒരാളായിരുന്നു അദ്ദേഹം; മനുഷ്യത്വം എന്ന ബന്ധം മാത്രം. ആ വ്യക്തിക്ക് അല്ലാഹുവിന്റെ ദാസന്മാരോടു വലിയ കടപ്പാടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കുറ്റം എന്തായിരുന്നുവെന്ന് നിങ്ങൾ ചോദിക്കും! അദ്ദേഹത്തിന്റെ കുറ്റം അഹ്മദിമുസ്ലിമായിരുന്നു എന്നതാണ്."

മറ്റൊരു ഡോക്ടർ എഴുതി: "ഡോക്ടർ സാ ഹിബ് സർഗോദയിലെ ആദ്യത്തെ പി.ആർ. സി.പി. മെഡിക്കൽ സ്പെഷ്യലിസ്റ്റായിരുന്നു. അത്രയും കഴിവുള്ളതും സീനിയറുമായിരുന്നി ട്ടും ഇന്നും സർഗോദയിൽ ഏറ്റവും കുറഞ്ഞ നിരക്കിലാണ് അദ്ദേഹം ചികിത്സിച്ചിരുന്നത്. വിശ്വാസം വ്യത്യസ്തമായതിനാൽ അദ്ദേ ഹത്തെ കൊലപ്പെടുത്തി. ഈ രാജ്യത്ത് നി യമമുണ്ടോ?"

ഒരു സ്വകാര്യ ചാനലിലെ അവതാരകനും പത്രപ്രവർത്തകനും എഴുതി: "ഈ അതിക്രൂ രവും അപലപനീയവുമായ പ്രവൃത്തിയിൽ അപലപിക്കാൻ എനിക്ക് വാക്കുകളില്ല." ഒരു പത്രപ്രവർത്തകൻ എഴുതി: "ഇത് സഹി ക്കാവുന്നതിലും അപ്പുറമായിരിക്കുന്നു. പ ാക്കിസ്താനെ രക്ഷിക്കാൻ തീവ്രവാദ ഗ്രൂ പ്പുകളെയും സംഘടനകളെയും തടയണം. അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങളും അഹ്മദികൾക്കെതിരായ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളും തടയാൻ തീവ്രവാദ സംഘ ടനകളെ നിരോധിക്കേണ്ടത് അത്യാവശ്യമാണ്. പക്ഷേ, ഈ മതമൗലികവാദികളെക്കുറിച്ചുള്ള ഭയം അത്രയധികമാണ്, സർക്കാർ പോലും നിസ്സഹായരാണ്. നിയമപാലകരും കോടതി കളും പോലും നിസ്സഹായരാണ്."

അല്ലാഹു എത്രയുംവേഗം അവർക്കു ശിക്ഷ നൽകാനുള്ള ഏർപ്പാടു ചെയ്യുമാറാകട്ടെ. രാ ജ്യത്തെ രക്ഷിക്കാൻ അവരെ ഒഴിവാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. കാരണം മതത്തിന്റെ പേരിൽ ഭീകരവാദം നടത്തുന്ന മതമൗലികവാദികൾ യഥാർഥത്തിൽ രാജ്യ ത്തെ നശിപ്പിക്കാൻ തുനിഞ്ഞിരിക്കുകയാണ്. അവർക്കെതിരിലുള്ള എല്ലാവരെയും ആക്ര മിക്കുന്നു. എന്തായാലും നമ്മുടെ പ്രാർഥന കൾ അല്ലാഹുവിനോടാണ്. അവനോടുള്ള കടമകൾ പൂർണ്ണമായി നിറവേറ്റാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അല്ലാഹു രക്തസാക്ഷി യായ ഡോക്ടറുടെ പദവികളുയർത്തുകയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് ക്ഷമ യും ധൈര്യവും നൽകുകയും ചെയ്യുമാറാക ട്ടെ. പ്രായമുള്ള അദ്ദേഹത്തിന്റെ മാതാവിന്റെ ദുഃഖവും ലഘൂകരിക്കുമാറാകട്ടെ. അദ്ദേഹ ത്തിന്റെ ഭാര്യയെയും കുട്ടികളെയും അല്ലാഹു തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. (വിവർത്തനം ബി.എം. ആരിഫ് മുഹമ്മദ്)

പേജ് 12 ൽ നിന്ന്

സ്വദ്ർ: 3200 അൻസ്വാറുല്ലാഹ് സഹോദരങ്ങൾ തഹ്രീക്കെ ജദീദ് പദ്ധതിയിൽ അംഗങ്ങളാണ്.

ഹുദൂർ അൻവർ: നിങ്ങൾ സ്വന്തം തജ്നീദ് ശരിയാക്കുക. എല്ലാ അൻസ്വാറിനേയും ചന്ദാ സംവിധാനത്തിനുകീഴിൽ കൊണ്ടു വരിക. നിങ്ങളുടെ അൻസ്വാറിന്റെ എണ്ണം 20000 വരെ ആകേണ്ടതാണ്.

സ്വദ്ർ സാഹിബ് അൻസ്വാറുല്ലാഹ് മലേഷ്യ യോടു ഹുദൂർ അൻവർ:നിങ്ങൾക്ക് 11 മജ്ലി സുകളുണ്ട്. മജ്ലിസെ ആമിലായിലെ ഓരോ അംഗവും വർഷത്തിൽ ഓരോ ബയ്അത്ത് ചെയ്യിച്ചാൽ ഒരു വർഷത്തിൽ 133 ബയ്അ ത്തുകളുണ്ടാകും. ഇതേകാര്യം തന്നെയാണ് ഇന്തൊനേഷ്യ, സിംഗപ്പൂർ, തുടങ്ങി മറ്റു രാജ്യ ങ്ങളോടും പറയാനുള്ളത്. ഓരോ മജ്ലിസെ ആമിലാ അംഗവും വർഷത്തിൽ ചുരുങ്ങിയത് ഒരു ബയ്അത്ത് വാങ്ങുക.

ഹുദൂർ അൻവർ:തായ്ലൻഡുകാരും ഫിലി പ്പൈൻകാരും ഇപ്പോൾ കൂടുതൽ ദൃഢനിശ്ച യത്തോടുകൂടി പ്രവർത്തിക്കേണ്ടതാണ്.

സ്വദ്ർ സാഹിബ് അൻസ്വാറുല്ലാഹ് മലേഷ്യ: മലേഷ്യയിൽ പാക്കിസ്താനീ അഹ്മദികളുണ്ട്. അവരിൽ വളരെയധികം പേർ മലേഷ്യയില ല്ല ചന്ദ നല്കുന്നത്; പാക്കിസ്താനിലാണ്.

ഹുദൂർഅൻവർ:ഒന്നാമത്തെ കാര്യം പാ ക്കിസ്താനീ അഹ്മദി എന്നൊന്നില്ല. ഏതു രാജ്യക്കാരനാണെങ്കിലും അഹ്മദി അഹ്മദി യാണ്. രണ്ടാമത്തെ കാര്യം മലേഷ്യയിലേക്ക് പാക്കിസ്താനിൽ നിന്ന് വരുന്നവർ നിങ്ങൾക്ക് മാതൃകയല്ല. ശേഷിക്കുന്നത് ചന്ദ നല്കുന്ന തിനെ സംബന്ധിച്ചുള്ള കാര്യമാണ്. അതു സംബന്ധമായി കൃത്യമായ അടിസ്ഥാന നിർ ദ്ദേശമുണ്ട്. ഒരു വ്യക്തി എവിടെയാണോ താമസിക്കുന്നത്, എവിടെയാണോ സ്ഥിരതാ മസമാക്കിയിട്ടുള്ളത് അവിടെ അദ്ദേഹത്തിന് വരുമാനമു ണ്ടെങ്കിൽ സ്ഥിരതാമസമാക്കിയി ട്ടുള്ള ജമാഅത്തിൽ ചന്ദ നല്കേണ്ടതാണ്. മ ലേഷ്യയിൽ വരുമാനം ലഭിക്കുന്ന ഒരു വ്യക്തി മലേഷ്യയിൽത്തന്നെ ചന്ദ നല്കേണ്ടി വരും.

മലേഷ്യ അൻസ്വാറുല്ലാഹ് സ്വദ്റിനോട് ഹു ദൂർ അൻവർ: മലേഷ്യയിൽ താമസിക്കുകയും എന്നാൽ പാക്കിസ്താനിൽ ചന്ദ നല്കുകയും ചെയ്യുന്നവരെ കുറിച്ച് വിലയിരുത്തി ഒരു ലി സ്റ്റ് തയ്യാറാക്കിത്തരിക.

നവ അഹ്മദികളുമായി ബന്ധപ്പെട്ട് ഹുദൂർ അൻവർ:നവഅഹ്മദി എന്നത് 3 വർഷത്തേക്കാ ണ്. അതിനുശേഷം അദ്ദേഹം ജമാഅത്തിന്റെ മുഖ്യധാരയിൽ വരുന്നതായിരിക്കും. മൂന്ന് വർഷത്തിനുള്ളിൽ അദ്ദേഹത്തിന് ഊർജ്ജസ്വ ലനായ വ്യക്തിയാകാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിന്റെ അർഥം താങ്കളുടെ പ്രോഗ്രാമും ശ്ര മവും സംവിധാനപരമല്ലായിരുന്നു എന്നാണ്. പുതുതായി വരുന്ന ഓരോ വ്യക്തിയേയും നിങ്ങൾ ജമാഅത്തിന്റെ മുഖ്യധാരയിൽ കൊ ണ്ടുവരേണ്ടതാണ്.

മലേഷ്യയിൽനിന്നുവന്ന ആമിലാ അംഗ ങ്ങൾ:ഇന്നാളുകളിൽ മലേഷ്യയിൽ ഒരു പ്രശ് നം ഉടലെടുത്തിരിക്കുന്നു. 'അല്ലാഹു' എന്ന പദം അമുസ്ലിമീങ്ങളായ ക്രിസ്ത്യാനികൾ ഉപയോഗിക്കാൻ പാടില്ലെന്ന് മൗലവിമാർ പറയുന്നു. കോടതിയും ഇത്തരത്തിലുള്ള വിധി പുറപ്പെടുവിച്ചിരിക്കുന്നു.

**ബയ്നനാ വ ബയനക്കും അല്ലാ നഅ്ബു ദ ഇല്ലല്ലാഹ്** (3:65)ഗ്രന്ഥാനുസാരികളേ!കുറ ഞ്ഞ പക്ഷം ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക്- അല്ലാഹുവിനെ അല്ലാതെ നമ്മൾ ആരാധി ക്കുകയില്ലെന്നും അവനോടു ഒന്നിനേയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റുചിലരെ അല്ലാഹുവിനു പുറമെ രക്ഷാധി കാരികളാക്കുകയില്ലെന്നും(ഉള്ള തത്വത്തി ലേക്ക്)-വരുക. എന്നിട്ട് അവർ പിന്തിരിഞ്ഞു കളയുന്നുവെങ്കിൽ പറയുക, ഞങ്ങൾ അല്ലാ ഹുവിനോടു അനുസരണം പുലർത്തുന്നവരാ ണെന്നതിന് നിങ്ങൾ സാക്ഷിയായിരിക്കുക. എല്ലാ മതക്കാർക്കും അല്ലാഹു എന്ന പദം ഉപയോഗിക്കാൻ കഴിയുമെന്ന പ്രഖ്യാപനം വിശുദ്ധ ഖുർആൻ നടത്തുമ്പോൾ അമുസ് ലിമീങ്ങളായ ക്രിസ്ത്യാനികൾ ഈ പദം ഉപ യോഗിക്കാൻ പാടില്ലെന്ന് മുസ്ലിമീങ്ങൾക്ക് എങ്ങനെ പറയാൻ സാധിക്കും? അല്ലാഹു എന്ന പദം ഉപയോഗിക്കാനുള്ള അവകാശം ഉന്നതനായ അല്ലാഹു അവർക്ക് നല്കിയി ട്ടുണ്ടെന്ന് ഈ ആയത്തിന്റെ വെളിച്ചത്തിൽ ക്രിസ്ത്യാനികളോടു പറയുക. പിന്നീട് അ വർക്ക് സ്വയം ഈ പ്രശ്നം ഉന്നയിക്കാൻ സാധിക്കുന്നതാണ്.

വിവിധ രാജ്യങ്ങളുടെ അൻസ്വാറുല്ലാഹ് നാഷണൽ ആമിലയുടെ അംഗങ്ങൾ ഹുദൂറു മായി നടത്തിയ ഈ കൂടിക്കാഴ്ച 07.45-വരെ

നീണ്ടുനിന്നു. ഒടുവിൽ ഓരോ രാജ്യത്തിലേയും അംഗങ്ങൾ ക്രമത്തിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സംതൃപ്തരായി.

**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സിംഗപ്പൂർ, ഇന്തൊനീഷ്യ, മലേഷ്യ, മ്യാൻമർ, തായ്‌ലൻഡ് തുടങ്ങിയ രാജ്യങ്ങളിലെനാഷണൽ ആമിലാ അംഗങ്ങൾ ഹുദൂറിനെ കാണുന്നു**

ഖുദ്ദാമുൽ അഹ്മദിയ്യാ സിംഗപ്പൂറിലേയും മലേഷ്യയിലേയും ഇന്തൊനേഷ്യയിലേയും നാഷണൽആമിലാ അംഗങ്ങൾ ഹുദൂറുമായി മീറ്റിംഗ് നടത്തി. മ്യാൻമർ, തായ്‌ലൻഡ് രാജ്യങ്ങളിൽനിന്നും ഹാജരുണ്ടായിരുന്ന നാഷണൽആമിലാ അംഗങ്ങളും ഇതിൽ പങ്കുകൊണ്ടു. ഹുദൂർ അയ്യദഹുല്ലാഹ് ദുആയ്ക്ക് നേതൃത്വം നല്കി.

അതിനുശേഷം ഹുദൂർ നാഇബ് സ്വദ്ർ ബർമയോടു പറഞ്ഞു:തിരിച്ചുപോയിട്ട് നിങ്ങളുടെ സ്വദ്ർ സാഹിബിനോടു ഖുദ്ദാമിന്റെ ഭരണഘടന വായിക്കണമെന്ന് പറയുക. അതെല്ലാ ആമിലാ അംഗങ്ങളേയും കൊണ്ട് വായിപ്പിക്കുക. എല്ലാ മുഹ്തമിങ്ങളും തങ്ങളുടെ കടമകളെ കുറിച്ചും ഉത്തരവാദിത്വങ്ങളെ കുറിച്ചും ബോധവാന്മാർ ആയിരിക്കേണ്ടതാണ്.

തായ്‌ലൻഡ് നാഷണൽ ആമിലാ അംഗങ്ങളോടു ഹുദൂർ അൻവർ: ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഭരണഘടന 'തായ്' ഭാഷയിൽ തർജ്ജമ ചെയ്യുക. ആമിലാ അംഗങ്ങൾ അത് വായിക്കുക. തുടർന്ന് അതനുസരിച്ച് ഓരോ വിഭാഗവും അവരവരുടെ പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുക. തങ്ങളുടെ കടമകൾ തദനുസരണം നിർവഹിക്കുക.

ഇന്തൊനേഷ്യ, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലെ നാഷണൽ ആമിലാ അംഗങ്ങളോടു ഹുദൂർ അൻവർ:നിങ്ങളെല്ലാവരും നിങ്ങളുടെ ലായെഅമൽ(പ്രവർത്തനരൂപരേഖ) വായിച്ചിട്ടുണ്ടോ? നിങ്ങളുടെ കടമകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് നിങ്ങൾക്കറിയുമോ?

മജ്‌ലിസുകളുടെ സ്വദ്ർമാരോടു ഹുദൂർ പറഞ്ഞു: നിങ്ങളുടെ ആമിലാ അംഗങ്ങൾ ഖുദ്ദാമിന്റെ ലായെഅമൽ വായിച്ചിട്ടുണ്ടോ എന്ന് പൂർണ ഉറപ്പു വരുത്തുക. സ്വന്തം വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അവർ അറിയേണ്ടതാണ്.

ഇന്തൊനേഷ്യ ഖുദ്ദാം സ്വദ്റിന്റെ ഒരു ചോദ്യത്തിന് ഹുദൂർ പറഞ്ഞു:ഏതെങ്കിലും പ്രദേശത്ത് മൂന്നോ നാലോ അംഗങ്ങളിൽ കൂടുതലുണ്ടെങ്കില് വലിയ മജ്‌ലിസിൽനിന്ന് അവർ വളരെ ദൂരത്താണെങ്കിൽ ആ പ്രദേശത്ത് ഇവരുടെ മറ്റൊരു മജ്‌ലിസ് രൂപീകരിക്കുക. ഒരു ഖാഇദിനെ മാത്രം നിശ്ചയിക്കുക. ബാക്കി ആമിലായുടെ ആവശ്യമില്ല. ഈ ഖുദ്ദാം ഏതെങ്കിലും വലിയ മജ്‌ലിസിന് അടുത്താണെങ്കിൽ പ്രത്യേകം മജ്‌ലിസ് രൂപീകരിക്കേണ്ട ആവശ്യമില്ല. ഇവർ സമീപത്തുള്ള മജ്‌ലിസുമായി ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. ഏതെങ്കിലും പട്ടണത്തിൽ ആയിരത്തിലധികം ഖുദ്ദാമുണ്ടെങ്കിൽ അവിടെ 2 മജ്‌ലിസ് രൂപീകരിക്കുക. രണ്ട് ഖാഇദുമാരേയും നിയോഗിക്കുക.

ജക്കാർത്ത പട്ടണത്തെ സംബന്ധിച്ച് ഹുദൂർ അന്വേഷിച്ചപ്പോൾ സ്വദ്ർ സാഹിബ് പറഞ്ഞു: അവിടെ ഒരു റീജ്യണൽ ഖാഇദുണ്ട്. 7 ലോക്കൽ ഖാഇദുമാരുമുണ്ട്.

സെൻട്രൽ റിസർവ് തുക ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ഒരു ചോദ്യത്തിന് ഹുദൂർ പറഞ്ഞു: സെൻട്രൽ റിസർവ് തുക രണ്ടു തരത്തിലാണുള്ളത്. അതിന്റെ ഒരു ഭാഗം നിങ്ങളുടേതാണ്. ഖലീഫത്തുൽ മസീഹിന്റെ അനുമതിയോടെ നിങ്ങൾക്കത് ചെലവഴിക്കാവുന്നതാണ്. രണ്ടാമത്തേത് കേന്ദ്ര ഷെയറാണ്. ഇത് നിങ്ങളുടേതല്ല. മർക്കസിന്റേതാണ്. നിങ്ങൾക്കത് ചെലവഴിക്കാൻ അനുവാദമില്ല.

മലേഷ്യ ഖുദ്ദാം സ്വദ്ർ: ഞങ്ങളുടെ കൈയിൽ കുറച്ചു തുകയുണ്ട്. അതേതെങ്കിലും ബിസിനസിലോ മറ്റോ നിക്ഷേപിക്കാൻ അനുവാദമുണ്ടോ.

ഹുദൂർ അൻവർ: കച്ചവടത്തിനു വേണ്ടി ഉപയോഗിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. ജമാഅത്തിന്റെ സ്വന്തം പരിപാടികളും പദ്ധതികളും പ്രൊജക്റ്റുകളുമുണ്ട്. അവിടെ ഉപയോഗിക്കാവുന്നതാണ്. ചാരിറ്റികളിൽ സഹായത്തിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. ജമാഅത്ത് വ്യവസ്ഥിതിക്ക് കീഴിലേതെങ്കിലും ആവശ്യക്കാർക്ക് കടമെന്ന നിലയിൽ നല്കാവുന്നതാണ്. പ്ലാനെന്തായാലും എന്നെ എഴുതി അറിയിക്കുക.

ഒരു ഖുദ്ദാം പ്രതിനിധി:ഫെയ്സ് ബുക്ക് ഉണ്ടാക്കി അത് തബ്‌ലീഗിനുവേണ്ടി ഉപയോഗിക്കാൻ അനുവാദമുണ്ടോ?

ഹുദൂർ അൻവർ: ജമാഅത്തിന്റെ ഫെയ്സ് ബുക്കുതന്നെ തബ്‌ലീഗിനുവേണ്ടി ഉപയോഗിക്കാമല്ലോ. ഒരു സംവിധാനത്തിനുകീഴിൽ വ്യവസ്ഥാപിതമായി ഉപയോഗപ്പെടുത്തുക. വ്യക്തിപരമായ ഫെയ്സ് ബുക്ക് ഉണ്ടാക്കേണ്ട ആവശ്യമില്ല. ഓരോരുത്തരും അവരുടേതായ അക്കൗണ്ട് തുറക്കുമ്പോൾ അത് ദുരുപയോഗം ചെയ്യപ്പെടാം.

ഇസ്‌ലാമിന്നെതിരിലും ജമാഅത്തിന്നെതിരിലും പ്രിന്റിംഗ് മീഡിയയിൽ സ്ഥിരമായി വരുന്നതിന് മറുപടി കൊടുക്കാൻ മതപരമായി നല്ല അറിവുള്ള ഖുദ്ദാമിനെ ഉപയോഗിക്കുക. സുൽത്താനുൽഖലം എന്ന പേരിൽ വ്യവസ്ഥാപിതമായ ഒരു മജ്‌ലിസ് ഉണ്ടാക്കുക. അതിൽ നല്ല എഴുത്തുകാരായ ഖുദ്ദാമിനെ ഉൾപ്പെടുത്തുക. ഇസ്‌ലാമിക ജ്ഞാനമുള്ളവരും തെളിവുകളോടുകൂടി മറുപടി നല്കാൻ സാധിക്കുന്ന വരുമായ ഖുദ്ദാം പത്രങ്ങളിൽവരുന്ന ഇസ്‌ലാം വിരുദ്ധ ലേഖനങ്ങൾക്ക് മറുപടി നല്കുക. എന്നാൽ, ഇത്തരം മറുപടികൾ വ്യക്തിഗതമായി മാത്രം തയ്യാറാക്കരുത്. ഖുദ്ദാമുൽ അഹ്മദിയ്യാ തലത്തിൽ ബാഹ്യമായ കൂടിയാലോചന ഉണ്ടാവണം. വ്യക്തിഗതമായി ചെയ്യുമ്പോൾ അവരിൽ തങ്ങളുടേതായ ചിന്തകൾ കടന്നു വരും. അതുകൊണ്ട് ഖുദ്ദാമിന്റെ ഭാഗത്തുനിന്നുമാണെങ്കിൽ കൂട്ടായി നല്ല രീതിയിൽ തയ്യാറെടുപ്പു നടത്തി മറുപടി നല്കേണ്ടതാണ്.

മലേഷ്യയിൽനിന്നുള്ള ഖുദ്ദാം നാഷണൽ ആമിലാ അംഗം: ഹുദൂർ ഞങ്ങളുടെ അടുത്തും വരണമെന്ന ആഗ്രഹം ഞങ്ങൾക്കുണ്ട്.

ഹുദൂർ അൻവർ: ദുആ ചെയ്യുക. മലേഷ്യയിലെ അവസ്ഥകൾ നന്നാകട്ടെ. എനിക്ക് അവിടെ വരാനും നിങ്ങൾക്ക് ഇതുപോലെ സേവനം ചെയ്യാനും സാധിക്കുമാറാകട്ടെ. സിംഗപ്പൂർ ഖുദ്ദാം ചെയ്യുന്നതുപോലെ ഡ്യൂട്ടികൾ നല്കാൻ സാധിക്കുമാറാകട്ടെ. ഇന്തൊനേഷ്യക്കാർക്കും ഇതേ ചിന്തകളുണ്ട്. ഇതേ വികാരങ്ങളുമുണ്ട്.

അപ്പോൾ എല്ലാ അംഗങ്ങളും പറഞ്ഞു:ഹുദൂർ ഞങ്ങളും ഇതുതന്നെയാണ് ആഗ്രഹിക്കുന്നത്. ഹുദൂർ ഞങ്ങളുടെ നാട്ടിലും വന്നാലും.

ഇന്തൊനേഷ്യ നാഷണൽ ഖുദ്ദാമുൽ അഹ്മദിയ്യാ നാഇബ് മുഹ്തമിം മാൽ: നമ്മൾ ജന്മദിനം ആഘോഷിക്കാത്തതെന്തുകൊണ്ടാണ്?

ഹുദൂർ അൻവർ: നമ്മൾ ജന്മദിനം ആഘോഷിക്കാറില്ല. നബിﷺതിരുമേനിയുടെ ജന്മദിനവും നമ്മൾ ആഘോഷിക്കാറില്ല. പ്രത്യുത, നമ്മൾ സീറത്തുന്നബി യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്.

എന്റെ ജനനത്തിയ്യതി ആരെങ്കിലും എന്നെ ഓർമ്മിപ്പിച്ചാൽ ഞാൻ 2 റക്അത്ത് നഫ്ൽ നമസ്കരിക്കും. സ്വദഖ കൊടുക്കും. എനിക്കു ജീവിതം നല്കിയതിൽ അല്ലാഹുവിന് നന്ദി പറയും.. തന്റെ കൽപ്പനകൾക്കനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു അവസരം നല്കി. ഭാവിയിലും അല്ലാഹുവിന്റെ അനുഗ്രഹം ഒപ്പമുണ്ടാകുന്നതിന് ഞാൻ ദുആ ചെയ്യുന്നു.

ജന്മദിനത്തിന് മെഴുകുതിരി കത്തിക്കുക, കേക്ക് മുറിക്കുക, ആളുകളെ ക്ഷണിച്ചുവരുത്തി ചെലവു ചെയ്യുക തുടങ്ങിയ കാര്യങ്ങളേക്കാൾ എത്രയോ നല്ലതാണ് ഈ തുക പാവപ്പെട്ടവർക്ക് സ്വദഖ കൊടുക്കുന്നത്! ചാരിറ്റി സംഘടനകളുണ്ട്. അവർക്ക് നല്കുക. അവർ പാവപ്പെട്ടവരെ സഹായിക്കുന്നു. അവർക്ക് അതിന്റെ ഫലം ലഭിക്കുന്നു. ഹ്യുമാനിറ്റി ഫസ്റ്റുണ്ട്. അവർക്കും നല്കാവുന്നതാണ്. ഇപ്രകാരം തുകകൾ അവിടേയുമിവിടേയും ചെലവിടുന്നതിനു പകരം പാവപ്പെട്ടവർക്ക്

• ഹദീഥുന്നബവിﷺ •

"അൽഅയ്മനു ഫൽ അയ്മനു."

വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ

Late DILSAD ABDULLATHEEF AND FAMILY KALLIKOTE

PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബവിﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."

ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ

DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD

VAYANASHALA, PATHAPPIRIYAM, KERALA

ഫലമെത്തുന്നതാകും. ദൈവത്തിന്റെ തൃപ്തി കാംക്ഷിച്ചും ഈ കർമങ്ങൾ ചെയ്തും ജന്മദിനം ആഘോഷിക്കാവുന്നതാണ്.

നാഷണൽ ആമിലാ അംഗം ഒരു ഖാദിം: ലഘുലേഖയിൽ ഹദ്റത്ത് വാഗ്ദത്ത മസീഹ്ﷺന്റെ ഫോട്ടോ പ്രസിദ്ധീകരിക്കാമോ.

ഹുദൂർ അൻവർ: ഈ ലഘുലേഖകൾ വിവേകശാലികൾക്കും വിജ്ഞാനികൾക്കും നല്കാനാണെങ്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. കാരണം, ഹദ്റത്ത് മസീഹ് മൗഊദ്ﷺ പറയുന്നു:'എന്റെ ഫോട്ടോ കണ്ടുകൊണ്ടും ആളുകൾക്ക് ഞാൻ ദൈവനയോഗിതനാണെന്ന് തിരിച്ചറിയാൻ സാധിക്കും.

പൊതു ജനങ്ങൾക്കിടയിൽ വിതരണം ചെയ്യാനാണെങ്കിൽ അതിൽ ഫോട്ടോ പ്രസിദ്ധീകരിക്കേണ്ടതില്ല. കാരണം, പൊതുവേ ചിലയാളുകൾ അത് വലിച്ചെറിയുന്നു.

അഹ്മദിയ്യത്ത് തന്നെയാണ് സത്യവും യഥാർഥവുമായ ഇസ്‌ലാം. അതിന് ഓരോ വ്യക്തിക്കും തൃപ്തി പ്രദാനം ചെയ്യാൻ സാധിക്കും. ഖുദ്ദാമുൽ അഹ്മദിയ്യാ ചൈനക്കാർക്കുവേണ്ടി തബ്‌ലീഗു പ്രോഗ്രാം സംഘടിപ്പിക്കേണ്ടതുണ്ട്. 'വേൾഡ് ക്രൈസിസ് ആൻഡ് പാത്ത് വേ ടു പീസ്'എന്ന ഗ്രന്ഥത്തിന്റെ ചൈനീസ് തർജമ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ചൈനക്കാർക്ക് നിങ്ങളെത്തിച്ചു കൊടുക്കുക. തബ്‌ലീഗിന്റെ എന്തെങ്കിലും ഒരു ക്രാഷ് പ്രോഗ്രാം ഖുദ്ദാമുൽ അഹ്മദിയ്യാ തയ്യാറാക്കുക.

ലൈഫ് ഇൻഷൂറൻസുമായി ബന്ധപ്പെട്ട ഒരു ചോദ്യത്തിന് ഹുസൂർ പറഞ്ഞു:ചില ഡിപ്പാർട്ടുമെന്റിൽ പ്രവർത്തിക്കുന്നതിന് ഇൻഷൂറൻസ് ചെയ്യേണ്ടി വരുന്നു. അതു കൂടാതെ ജോലി കിട്ടുകയില്ല. ചില സ്ഥലങ്ങളിൽ നിയമ സംബന്ധമായ നിർബന്ധിതാവസ്ഥയുമുണ്ട്. എന്നാൽ, മെഡിക്കൽ ഇൻഷൂറൻസിനെ സംബന്ധിച്ചിടത്തോളം അതിന് അനുമതിയുണ്ട്. രോഗങ്ങളോ അല്ലെങ്കിൽപെട്ടെന്ന് എന്തെങ്കിലും അപകടമോ സംഭവിക്കുകയാണെങ്കിൽ ആശുപത്രിയിൽ പോയാൽ അവർ ചികിത്സാ ചെലവ് നോക്കും. ഇപ്രകാരം നിങ്ങൾ ജീവിതത്തെയല്ല ഇൻഷൂർ ചെയ്യുന്നത്, പ്രത്യുത ചികിത്സയാണ് ചെയ്യുന്നത്.

മറ്റൊരു ചോദ്യത്തിനും ഹുദൂർ ഇങ്ങനെ മറുപടി നല്കി: ആരെങ്കിലും പണയത്തിന് വീടെടുത്ത് താമസിക്കുകയാണെങ്കിൽ അതിന് അനുമതിയുണ്ട്. കാരണം, വാടകയ്ക്ക് വീടെടുത്ത് താമസിക്കുന്നവൻ വാടകത്തുക പണയത്തിൽ നല്കുന്നതിലൂടെ താമസത്തോടൊപ്പം സ്വത്ത് അവന്റേതായി മാറുന്നതാണ്. മറ്റൊരു രൂപം ഇങ്ങനെയാണ്. പണയത്തിന് വീടെടുക്കുകയും അതിൽ സ്വയം താമസിക്കാതിരിക്കുകയും കച്ചവടത്തിനുവേണ്ടി മാത്രം എടുക്കുകയുമാണെങ്കിൽ അതിന് അനുമതിയില്ല.

വിവാഹ സംബന്ധമായ ചർച്ചയിൽ ഹുദൂർ അൻവർ പറഞ്ഞു:അഹ്മദീ പെൺകുട്ടികളെ ഖുദ്ദാം വിവാഹം ചെയ്യേണ്ടതാണ്. ചില സമയത്ത് പ്രത്യേക കേസുകളിൽ അനഹ്മദി പെൺകുട്ടിയെ വിവാഹം കഴിക്കാൻ അനുമതി നല്കാറുണ്ട്.

ഒരു നാഷണൽ ആമിലാ അംഗം: ഞങ്ങൾക്ക് ഏറ്റവും നല്ല രീതിയിൽ എങ്ങനെയാണ് പ്രവർത്തിക്കാൻ സാധിക്കുക?

ഹുദൂർ അൻവർ: ഒന്നാമതായി ആമിലാ സ്വയം ഊർജസ്സ്വലരായിരിക്കണം. രണ്ടാമത്തേത് സൗമ്യതയോടും സ്നേഹത്തോടുംകൂടി നിരന്തരം ഓർമപ്പെടുത്തിക്കൊണ്ടിരിക്കണം. മൂന്നാമത്തേത് സ്വയമേയും ഖുദ്ദാമിനുവേണ്ടിയും ദുആ ചെയ്യണം.

മീറ്റിംഗിനൊടുവിൽ സിംഗപ്പൂർ സ്വദർ സാഹിബ് പറഞ്ഞു:ജന്മദിനത്തിന്റെ കാര്യം വന്നപ്പോൾ ഇന്ന് എന്റെ ജന്മദിനമാണെന്ന് എനിക്കോർമ വന്നു.

ഹുദൂർ അൻവർ: രണ്ട് റക്അത്ത് നഫ്ൽ നമസ്കരിക്കുക. സ്വദഖ കൊടുക്കുക. നിങ്ങളുടെ ആമില അംഗങ്ങളേയും കൂട്ടി എന്നോടൊപ്പം ഫോട്ടോ എടുക്കുക.

മീറ്റിംഗിന്റെ സമാപനത്തിൽ വിവിധ രാജ്യങ്ങളുടെ ഖുദ്ദാം നാഷണൽ ആമിലാ അംഗങ്ങൾ ഹുസൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യരായി.

ഖുദ്ദാം നാഷണൽ ആമിലായുമായി നടന്ന ഹുദൂറിന്റെ ഈ കൂടിക്കാഴ്ച 08.35-ന് സമാപിച്ചു. തുടർന്ന് ഹുദൂർ മസ്ജിദ് ത്വാഹായിൽ മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾക്ക് നേതൃത്വം നല്കി. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി. (തുടരും)(അവലംബം:ബദ്ർ ഉർദു ഒക്ടോബർ 31-10-2013)

❖❖❖❖❖

പേജ് 1 ൽ നിന്ന്

ലഘട്ടം വന്നപ്പോഴും ആ പരീക്ഷണങ്ങളുടെ പരമ്പര തുടർന്നുകൊണ്ടിരുന്നു. ഇപ്പോൾ എല്ലാ പരീക്ഷണങ്ങളേയും അതിജയിച്ചിരിക്കുന്നുവെന്നും മുസ്‌ലിമീങ്ങളുടെ അഭിവൃദ്ധിയുമായി ബന്ധപ്പെട്ടിരുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്നുമുള്ള വിചാരത്തോടെ നബിﷺതിരുമേനി തന്റെ ജീവിതത്തിൽ ഏതെങ്കിലും ദിവസം ഉറങ്ങിയതായ ഒരു ദിവസവുമുണ്ടായിട്ടില്ല. ഹദ്റത്ത് അബൂബക്റുംؓ ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല. ഹദ്റത്ത് ഉമറുംؓ ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല. ഹദ്റത്ത് ഉഥ്മാനുംؓ ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല. നമ്മുടെ ജമാഅത്തും ഒരിക്കലും അങ്ങനെ വിചാരിക്കാൻ പാടില്ല. ഇക്കാര്യങ്ങൾ ദൈവികജമാഅത്തുകളുമായി ബന്ധപ്പെട്ടതാണ്. ഒരിക്കലും ഒരു ആത്മീയ ജമാഅത്തും ഇവ കൂടാതെ അഭിവൃദ്ധി കരസ്ഥമാക്കുകയില്ല. മറ്റൊരു സ്ഥലത്ത് അല്ലാഹു ഈ ത്യാഗങ്ങളുടെ ഇനം വിവരിച്ചുകൊണ്ടു പറയുന്നു:വലനബ്‌ലുവന്നക്കും ബിശയ്ഇൻമ്മിനൽഖൗഫി വൽജൂയി വ നഖ്സ്വിൻമ്മിനൽഅംവാലി വൽഅൻഫുസി വഥ്ഥമറാത്തി വ ബശ്ശിരിസ്സ്വാബിരീൻ അൽപമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. അല്ലയോ നമ്മുടെ റസൂലേ!ഈ പരീക്ഷണങ്ങളുടെ കാലത്ത് തങ്ങളുടെ വഴിയിൽനിന്ന് മാറാതെ ശക്തമായി ദീനിന്റെ മാർഗത്തിൽ ത്യാഗങ്ങൾവരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നവർക്ക് നമ്മുടെ ഭാഗത്തുനിന്ന് അവർ തങ്ങളുടെ ലക്ഷ്യത്തിൽ വിജയിക്കുന്നതാണെന്ന സന്തോഷവാർത്ത അറിയിക്കുക. ചുരുക്കത്തിൽ ഏതെങ്കിലും ജനത മരിക്കാൻ തയ്യാറാകാത്തിടത്തോളം ജീവിക്കുകയില്ല. കാരണം ജീവിതം മരണം കൂടാതെ കരസ്ഥമാകുകയില്ല. ധാന്യം മണ്ണുമായി ചേരാത്തിടത്തോളം മുളപൊട്ടുകയില്ല. ഗർഭപാത്രത്തിലെ ഇരുട്ടറകളിലൂടെ കടന്നുപോകാത്തിടത്തോളം കുഞ്ഞ് ജനിക്കുകയില്ല. ഇപ്രകാരം ഒരു മരണം വരിക്കാത്തിടത്തോളം ഒരു ജനതയും അഭിവൃദ്ധിപ്പെടുകയുമില്ല." *(തഫ്സീറെ കബീർ വാല്യം 7, പേജ് 561)*

**ചിന്തിക്കുന്നവർക്ക് സന്ദേശം**

'എന്റെ ജനം എന്നെ കണ്ടറിഞ്ഞ് സ്വീകരിച്ചിരുന്നെങ്കിൽ,
ദുൻയാവിന്റെ എളിമയിൽനിന്ന് അവർ മോചിതരാകുകയും
ദീനിൽ അവർക്ക് സഹായം ലഭിക്കുകയും അങ്ങനെ
അവർ വിജയം വരിക്കുകയും ചെയ്യുമായിരുന്നു.
പക്ഷേ, ചില ഹൃദയങ്ങൾ യഹൂദികളോടു സാമ്യമുള്ളവയായി.
ഇതാകട്ടെ ആ പറയപ്പെട്ട പ്രവചനങ്ങളിൽ ഉള്ളതാകുന്നു.
അതിനാൽ നിങ്ങൾ ഓർമിക്കുവിൻ
അങ്ങനെ അവർ യഹൂദികളായിത്തീർന്നപ്പോൾ
ഞാൻ അവർക്ക് ഈസാ ആയി വന്നു.
എന്നെ കുറിച്ച് ചിന്തിക്കുന്നവർക്ക് ഇക്കാര്യം മതിയായതാണ്.

**ബറാഹീനെ അഹ്മദിയ്യ,**
**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

• ഹദീസുന്നബവിﷺ •

"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.

TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL : 9744366004, 8086399638

• ഹദീസുന്നബവിﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona
feels more confidence



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

## നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ എം.ബി.ബി.എസ്സ് ഡോക്ടറുടെ ഒഴിവ്

### അറിയേണ്ട കാര്യങ്ങൾ

(1) ഉദ്യോഗാർഥി റൊട്ടേറ്ററി ഇന്റർഷിപ്പോടുകൂടി എം.ബി.ബി.എസ്സ് ഡിഗ്രി പൂർത്തിയാക്കി കഴിഞ്ഞിരിക്കണം.

(2) ഏതെങ്കിലും സംസ്ഥാനത്തെ മെഡിക്കൽ കൗൺസിലിൽ റെജിസ്ട്രേഷനുള്ള യാളായിരിക്കണം.

(3) പ്രശസ്തമായ ഏതെങ്കിലും ആശുപത്രിയിൽനിന്ന് കുറഞ്ഞത് രണ്ടു വർഷത്തെ പ്രവർത്തനപരിചയമുണ്ടായിരിക്കണം.

(4) വയസ്സ് 30-ൽ അധികമാകാൻ പാടില്ല.(അവസ്ഥകൾ പരിഗണിച്ച് ഇതിൽ ഭേദഗതി വരുത്താവുന്നതാണ്).

(5) ഗ്രേഡ് 41020-884-33948-734-24540-561-20052 നിയമങ്ങളനുസരിച്ച് പ്രത്യേകാനുകൂല്യത്തോടുകൂടി.

(6) ഉദ്യോഗാർഥി ആരോഗ്യവാനായിരിക്കണം. മതപരമായ സ്വഭാവാവസ്ഥകൾ നല്ലതായിരിക്കണം. സംസ്കാരസമ്പന്നനായിരിക്കണം. രോഗികളോടും കൂടെ ജോലിചെയ്യുന്നരോടും സഹിഷ്ണതയോടെ പെരുമാറുന്ന ആളായിരിക്കണം. പുരുഷന്മാർക്ക് മുൻഗണന നല്കുന്നതായിരിക്കും.

**പാലിക്കേണ്ട നിർദേശങ്ങൾ**:

(1) ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തുന്ന അവസാന പരസ്യത്തിനു ശേഷം രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകളായിരിക്കും പരിഗണിക്കുക.

(2) താൽപര്യമുള്ളവർ തങ്ങളുടെ അപേക്ഷകൾ അച്ചടിച്ചഫോറത്തിൽ പൂരിപ്പിച്ച് ജില്ല അമീർ/തദ്ദേശ അമീർ/ജമാഅത്ത് സ്വദ്ർ/മുബല്ലിഗ് ഇൻചാർജ് എന്നിവരുടെ സത്യപ്പെടുത്തുന്ന ഒപ്പോടും സീലോടും കൂടി അയക്കുക.

(3) ഇന്റർവ്യൂയിൽ വിജയിക്കുകയാണെങ്കിൽ ഉദ്യേഗാർഥി നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയനാകേണ്ടതാണ്. നൂർ ഹോസ്പിറ്റലിലെ പരിശോധനാ ബോർഡിന്റെ റിപ്പോർട്ടനുസരിച്ച് ആരോഗ്യവാനായ ആളെയായിരിക്കും തിരഞ്ഞെടുക്കുക.

(4) ഖാദിയാനിൽ വരുന്നതിനുള്ള യാത്രാചെലവുകളും മെഡിക്കൽ സർട്ടിഫിക്കേറ്റും ഉദ്യോഗാർഥിയുടെ സ്വന്തം ചുമതലയിലായിരിക്കും.

(5) ഇന്റർവ്യൂവിന്റെ നേരത്ത് ഉദ്യോഗാർഥി തന്റെ അസ്സൽ സർട്ടിഫിക്കേറ്റുകൾ ഹാജരാക്കേണ്ടതാ ണ്.

**നോട്ട്**: ഇന്റർ വ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്.

കൂടുതൽ വിവരത്തിന് ബന്ധപ്പെടുക:

NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN
GURUDASPUR, PUNJAB PIN:143516
MOB:96826 27592, 98882 32530, 9682587713 OFF:01872 501130
Email :diwan @qadian.in
waqfenaw@qadian.in

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
The Weekly BADR Qadian (Malayalam)
www.akhbarbadr.in/Malayalam/

### • ഹദീഥുന്നബ്‌വി ﷺ •




മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

### • ഹദീഥുന്നബ്‌വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

## ഖാദിയാൻ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം! അഹ്മദി വിദ്യാർഥികൾ ശ്രദ്ധിക്കുക!

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام സ്ഥാപിച്ച പരിശുദ്ധ സ്ഥാപനമാണ് ജാമിഅ അഹ്മദിയ്യ ഖാദിയാൻ. ഇവിടെനിന്ന് ഇതുവരെ നൂറുക്കണക്കിന് ഉലമായും മുബല്ലിഗുമാരും പഠനം പൂർത്തിയാക്കി ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ ലോകത്തിന്റെ കോണുകൾവരെ എത്തിക്കുന്നതിനുള്ള നിർബന്ധ കടമകൾ നിർവഹിച്ചുകൊണ്ടുവരുന്നു. സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലായും പല അവസരങ്ങളിലും അഹ്മദി വിദ്യാർഥികളെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام സ്ഥാപിച്ച പരിശുദ്ധ സ്ഥാപനമായ ജാമിഅ അഹ്മദിയ്യ ഖാദിയാനിൽനിന്ന് പഠിച്ച് ജമാഅത്തിനുവേണ്ടി സേവനം ചെയ്യാൻ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അതിനാൽ ഹദ്റത്ത് സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖ്ഫീനെനൗവും വാഖ്ഫീനെനൗ അല്ലാത്തവരുമായ വിദ്യാർഥികൾ ജാമിഅ അഹ്മദിയ്യായിൽ പ്രവേശിച്ച് മതപരമായ വിദ്യാഭ്യാസം കരസ്ഥമാക്കി ജമാഅത്തിന്റെ സേവനത്തിന് ആത്മസമർപണം ചെയ്യേണ്ടതാണ്. അതിനാൽ ജാമിഅയിൽ ചേരാനാഗ്രഹിക്കുന്ന വിദ്യാർഥികൾ, ഭാരത് വഖ്ഫെ നൗ വകുപ്പുമായോ നല്ലാറത്ത് തഅ്ലീമുമായോ ബന്ധപ്പെടുക. ജാമിഅ അഹ്മദിയ്യ പ്രവേശനഫാറം വാങ്ങി പൂരിപ്പിച്ച് ജൂൺ 30-ാം തിയതിക്കുള്ളിൽ വഖ്ഫെനൗ ഭാരത് ഓഫീസിലേക്ക്(നല്ലാറത്ത് തഅ്ലീം)അയക്കുക.

**പ്രവേശനത്തിനുള്ള നിബന്ധനകൾ**:

1. എസ്സ്. എസ്സ്. എൽ. സി പാസായിട്ടുള്ള വിദ്യാർഥികളുടെ പ്രായപരിധി 17 വയസ്സ്. +1 പാസായിട്ടുള്ള വിദ്യാർഥികളുടെ പ്രായപരിധി 19 വയസ്സ്. പ്രായപരിധിയിൽ ഹാഫിളുമാർക്ക് ഇളവു നല്കുന്നതായിരിക്കും.

2. ജാമിഅ അഹ്മദിയ്യായിൽ പ്രവേശിക്കുന്നതിന് നാഷണൽ കാരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർഥികളുടെ ഇന്റർവ്യൂവും എഴുത്തുപരീക്ഷയും നടത്തിയായിരിക്കും വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നത്. എഴുത്തു പരീക്ഷയിൽ വിശുദ്ധ ഖുർആൻ, ഇസ്‌ലാം, അഹ്മദിയ്യത്ത്, മതപരമായ വിജ്ഞാനങ്ങൾ, ഉർദു, ഇംഗ്ലീഷ്, പൊതുവിജ്ഞാനം തുടങ്ങിയവ അടിസ്ഥാനമാക്കി ചോദ്യങ്ങളുണ്ടായിരിക്കും.

3. എഴുത്തുപരീക്ഷയിലും ഇന്റർവ്യുവിലും പാസാകുന്ന വിദ്യാർഥികൾ നൂർ ഹോസ്പിറ്റൽ ഖാദിയാനിൽനിന്ന് മെഡിക്കൽ ടെസ്റ്റ് നടത്തേണ്ടതാണ്. എഴുത്തു പരീക്ഷയിലും ഇന്റർവ്യുവിലും നൂർ ഹോസ്പിറ്റൽ ഖാദിയാനിൽ നടത്തുന്ന മെഡിക്കൽ ടെസ്റ്റിലും പാസാകുന്ന വിദ്യാർഥികൾക്ക് സയ്യിദുനാ ഹുദൂർ അൻവറിന്റെ അനുമതിയോടെ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം ലഭിക്കുന്നതായിരിക്കും.

4. ഗ്രാജുവേഷൻ പാസായിട്ടുള്ള വിദ്യാർഥികൾക്ക് ജാമിഅ അഹ്മദിയ്യായിൽ പ്രവേശിക്കുന്നതിന് മുൻഗണന നല്കുന്നതായിരിക്കും. പ്രവേശന ഫാറം മെയിലിൽ ലഭ്യമാകുന്നതിനുള്ള മേൽവിലാസം:

waqfenaw@qadian.in
WAQF-E-NAU DEPARTMENT (NAZARAT TALEEM)
Darul Balaqh,CIVIL LINE, QADIAN
DISTRICT: GURUDASPUR, PUNJAB (INDIA) PIN:143 516
CONTACT: 01872-500975, 9988991775
(സ്വദ്ർ നാഷണൽ കാരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ**
**ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,
'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,
അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.
ismayeel.ha@gmail.com, managerbadrqnd@gmail.com

### • ഹദീഥുന്നബ്‌വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്
ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 10 July 2025 Issue-28

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ സിംഗപ്പൂർ പര്യടനം

**ബദ്ർ വാല്യം 10 ലക്കം 17 പേജ് 11 നാലാം കോളം തുടർച്ച.....**

ഹുദൂർ അൻവർ:മുബല്ലിഗ് ഇൻചാർജ് സിംഗപ്പൂർ ഹസൻ ബസ്വരി സാഹിബ് നിങ്ങളുടെ തിരഞ്ഞെടുപ്പിന്റെ ചുമതല വഹിക്കുന്നതാണ്.

സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് മലേഷ്യ: മലേഷ്യ അൻസ്വാറുല്ലാഹ് സ്വദ്റിന്റെ രണ്ടു വർഷ കാലാവധി ഈ വർഷം അവസാനിക്കുകയാണ്. ഈ വർഷം തിരഞ്ഞെടുപ്പുണ്ട്. ഇപ്പോഴത്തെ സ്വദ്റിന്റെ മൂന്നാമത്തെ ടേമാണിത്.

ഹുദൂർ അൻവർ: ഓരോ സ്വദ്റിനും ഈരണ്ടു വർഷമനുസരിച്ച് മൂന്നു ടേംവരെ പോകാവുന്നതാണ്. അതായത് 6 വർഷം. ഇതിനുശേഷം അദ്ദേഹത്തിന്റെ നാമം തിരഞ്ഞെടുപ്പിൽ നിർദേശിക്കരുത്. പുതിയ പുതിയ സ്വദ്റിനെ തിരഞ്ഞെടുക്കുന്നതാണ്.

ഹുദൂർ അൻവർ:പുതിയ സ്വദ്റിന്റെ ഒരു ടേമിനുശേഷം ജനങ്ങളിഷ്ടപ്പെടുകയാണെങ്കിൽ മുൻസ്വദ്റിനെ വീണ്ടും തിരഞ്ഞെടുക്കാവുന്നതാണ്.

മുൻസ്വദ്റിന് നാലാം ടേം നല്കുന്നതുമായി ബന്ധപ്പെട്ട് ഹുദൂർ ഇപ്രകാരം മാർഗനിർദ്ദേശം നല്കി: നാഇബ് സ്വദ്ർ മജ്‌ലിസിന്റെ അധ്യക്ഷതയിൽ നടക്കുന്ന മീറ്റിംഗിൽ ആമിലാ അംഗങ്ങൾ സ്വദ്റിന്റെ നല്ല പ്രവർത്തനങ്ങൾ മുന്നിൽവച്ചുകൊണ്ട് നാലാമത്തെ ടേം നൽകാൻ നിർദ്ദേശിക്കുകയാണെങ്കിൽ ഇക്കാര്യം ഖലീഫത്തുല് മസീഹിന്റെ സന്നിധിയിൽ അനുമതിക്കുവേണ്ടി അവതരിപ്പിക്കാവുന്നതാണ്. പിന്നീട് അംഗീകാരം നൽകണോ എന്ന് ഖലീഫത്തുൽ മസീഹ് തീരുമാനിക്കും. മൂന്നു ടേം പൂർത്തിയാക്കിയതിനു ശേഷം പുതിയ സ്വദ്റിനെ തിരഞ്ഞെടുക്കുന്നതാണുത്തമം.

ഹുദൂർ അൻവർ: അൻസ്വാർ, ഖുദ്ദാം, ലജ്നാ തുടങ്ങി എല്ലാ ശാഖാ സംഘടനകളും നേരിട്ട് ഞാനുമായി ബന്ധപ്പെടേണ്ടതാണ്. ഈ 3 ശാഖാസംഘടനകളും നേരിട്ട് ഖലീഫത്തുൽമസീഹിന്റെ കീഴിലായിരിക്കും. ജമാഅത്തിന്റെ മെയിൻസ്ട്രീമിന്റെ ഭാഗവുമായിരിക്കും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ رضی اللہ عنہ ശാഖാ സംഘടനകൾ രൂപീകരിച്ചപ്പോൾ അതിന്റെ ലക്ഷ്യമായി പറഞ്ഞത് ജമാഅത്ത് സംവിധാനം ദുർബലമായാൽപ്പോലും ശാഖാ സംഘടനകളോ അല്ലെങ്കിലേതെങ്കിലും ഒരു വിഭാഗമോ ഊർജ്ജസ്വലമായാൽ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കും. ശാഖാ സംഘടനകൾ സജ്ജവും സക്രിയവുമല്ലെങ്കിലും ജമാഅത്തുപരമായ സംവിധാനം സക്രിയമായാൽ അപ്പോഴും ജമാഅത്ത് മെല്ലെ മെല്ലെ മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കും. എന്നാൽ, ജമാഅത്ത് സംവിധാനവും ശാഖാ സംഘടനകളും സക്രിയവും സുസജ്ജവുമാണെങ്കിൽ ജമാഅത്ത് പലമടങ്ങ് വേഗത്തിൽ അഭിവൃദ്ധി കൈവരിക്കും. അസാധാരണമാംവിധം ജമാഅത്തിന്റെ കാൽപ്പാദം മുന്നോട്ടു ഗമിക്കും. മൂന്നു ശാഖാ സംഘടനയും തങ്ങളുടെ മാസാന്ത റിപ്പോർട്ടുകൾ നേരിട്ട് എനിക്ക് അയക്കുക. ലണ്ടനിൽ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ 3 ശാഖാ സംഘടനയ്ക്കും പ്രത്യേകം പ്രത്യേകം വിഭാഗമുണ്ട്. എല്ലാ രേഖകളും സൂക്ഷിക്കുന്ന ഓഫീസർമാരുണ്ട്. റിപ്പോർട്ടിനുമേൽ കൃത്യമായി ഹുദൂർ അൻവറിന്റെ മാർഗനിർദ്ദേശങ്ങൾ അയക്കുകയും ചെയ്യുന്നുണ്ട്.

ഇന്തൊനീഷ്യ മജ്‌ലിസിനോടു ഹുദൂർ അൻവർ: ഇന്തൊനീഷ്യയിൽ മൂവായിരത്തിലധികം ദ്വീപുകളുണ്ട്. തബ്ലീഗിനുവേണ്ടി നിങ്ങൾ ഇത്തരത്തിലുള്ള എതിർപ്പില്ലാത്ത ചെറിയ ദ്വീപുകളെ തിരഞ്ഞെടുക്കുക. ഏതെങ്കിലും ഒരു ദ്വീപ് തിരഞ്ഞെടുക്കുക. അവിടെ സുശക്തമായ ജമാഅത്ത് സ്ഥാപിക്കുക. കൂടാതെ ക്രിസ്ത്യാനികൾ കൂടുതൽ വസിക്കുന്ന ദ്വീപുകളിൽ മൗലവിമാരുടെ സ്വാധീനം ഉണ്ടാവുകയില്ല. അവിടേയും തബ്ലീഗ് പ്രോഗ്രാം സംഘടിപ്പിക്കുക. വ്യവസ്ഥാപിതമായി പ്ലാനിംഗോടുകൂടി പ്രവർത്തിക്കുക.

അൻസ്വാറുല്ലായുടെ ചന്ദ കൊടുക്കാത്തവർക്ക് ജമാഅത്തിന്റെ ആമിലാ അംഗവും ആകാൻ സാധിക്കുകയില്ല. അൻസ്വാറുല്ലാ ആമില അംഗവും ആകാൻ കഴിയില്ല.

സിംഗപ്പൂർ സ്വദ്റിനോടു ഹുദൂർ അൻവർ: നിങ്ങൾ നിങ്ങളുടെ സ്വന്തം പരിപാടികൾ തയ്യാറാക്കുക. ജമാഅത്തിന്റെ നാഷണൽ മജ്‌ലിസെ ആമില അവരുടെ പരിപാടികൾ തയ്യാറാക്കുക. എല്ലാവരും ചേർന്ന് പരിപാടി സംഘടിപ്പിക്കുകയാണെങ്കിൽ റിപ്പോർട്ടിൽ ഖുദ്ദാം-അൻസ്വാർ, ജമാഅത്ത് ചേർന്ന് പരിപാടി സംഘടിപ്പിച്ചു എന്ന് അറിയിക്കുക. എന്നാൽ, ശാഖാ സംഘടനകളുടെ പ്രത്യേക പരിപാടികളും നടക്കേണ്ടതാണ്.

മജ്‌ലിസ് അൻസ്വാറുല്ലാ സ്വന്തമെന്തെങ്കിലും പരിപാടി, ജൽസയോ ഇജ്തിമായോ മറ്റോ സംഘടിപ്പിക്കുന്നുണ്ടെങ്കിൽ ജമാഅത്തിന്റെ പരിപാടിയുമായി ക്ലാഷാകരുത്. ജമാഅത്തിന്റെ പരിപാടിയെ ബാധിക്കുമെന്നുണ്ടെങ്കിൽ അതിനാണ് മുൻഗണന നല്കേണ്ടത്. മറ്റേതെങ്കിലും ദിവസം നിങ്ങൾ നിങ്ങളുടെ പരിപാടി നടത്തുക. ഉദാഹരണമായി നിങ്ങളേതെങ്കിലും ഗ്രാമത്തിലോ ചെറിയ പ്രദേശങ്ങളിലോ സ്വന്തം പരിപാടി വെക്കുകയും മറുഭാഗത്ത് ഇതേ പ്രദേശത്ത് ജമാഅത്തും പരിപാടി വെച്ചിട്ടുണ്ടെങ്കിൽ ജമാഅത്തിന്റെ പരിപാടിയായിരിക്കും നടക്കുക, നിങ്ങളുടേത് അവിടെ ഉണ്ടാവുകയില്ല. നിങ്ങളെല്ലാവരും ജമാഅത്തിന്റെ പരിപാടിയുടെ ഭാഗമാകും. പ്രോഗ്രാമുകൾക്ക് ദിവസം നിശ്ചയിക്കുന്ന രീതി ഇപ്രകാരമാണ്. വർഷാരംഭത്തിൽ അമീർ സാഹിബും നാഷണൽ സ്വദ്റും ചേർന്നിരുന്ന് ഒരു കലണ്ടർ തയ്യാറാക്കുക. ഇതിൽ പരസ്പരം കൂടിയാലോചിച്ചുകൊണ്ട് ജമാഅത്തിന്റേയും ശാഖാ സംഘടനകളുടേയും പരിപാടി നിശ്ചയിക്കുക. ഇതിൽ ആദ്യം ജമാഅത്തിന്റെ പരിപാടിയാണ് നിശ്ചയിക്കേണ്ടത്. ബാക്കി ദിനങ്ങളിൽ ശാഖാ സംഘടനകളുടെ പ്രോഗ്രാം നിശ്ചയിക്കുക.

യൂ.കെ പോലുള്ള വലിയ ജമാഅത്തുകൾ ഈ കലണ്ടർ തയ്യാറാക്കി കഴിഞ്ഞു. കേന്ദ്ര തലത്തിൽ മാത്രമല്ല ലോക്കൽതലത്തിലും തയ്യാറാക്കിയിട്ടുണ്ട്. ഓരോ വീട്ടിലും ഈ കലണ്ടർ നല്കിയിട്ടുമുണ്ട്. അൻസ്വാർ, ഖുദ്ദാം, ലജ്നാ സംഘടനയിലെ ഓരോ വ്യക്തിക്കും നമ്മുടെ പരിപാടി എപ്പോഴാണെന്ന് അറിയാൻ കഴിയും. അൻസ്വാറിന്റേയും ഖുദ്ദാമിന്റേയും ലജ്നയുടേയും പരിപാടികൾ എപ്പോഴാണെന്ന് അവർക്കും അറിയാം. ഓരോ മാസവും നടക്കുന്ന പരിപാടികളെ കുറിച്ച് അവർക്കറിയാം.

സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് മലേഷ്യ: 171 അൻസ്വാർ ഞങ്ങൾക്കുണ്ട്. ഇവരിൽ 50 ശതമാനം മൂസ്വികളാണ്.

ഹുദൂർ അൻവർ:നിങ്ങൾ നിങ്ങളുടെഎണ്ണം വർധിപ്പിക്കുക. വരുംവർഷത്തിൽ ഇത് ആയിരത്തി എഴുപത്തി ഒന്നാക്കി മാറ്റുക. പിന്നീട് ഇതേ തോതിൽ വർധിപ്പിച്ചു കൊണ്ടിരിക്കുക.

മ്യാൻമർ മജ്‌ലിസ് അൻസ്വാറുല്ലായിലെ ഒരംഗം:ഹുദൂർ അൻവറിന്റെ ഖുത്വ്ബ ജുമുഅ ഉർദുവിൽ ത്തന്നെ കൃത്യമായി കേൾക്കാറുണ്ട്. ജമാഅത്ത് സ്വദ്റിന്റെ ഭാഗത്തുനിന്നും അൻസ്വാർ, ലജ്ന, ഖുദ്ദാമിന് തബ്ലീഗിന്റെ ടാർഗറ്റ് നല്കിയിട്ടുണ്ട്.

ഹുദൂർ അൻവർ: ഊർജ്ജസ്വലരായ ജമാഅത്തുകൾ കേവലം തബ്ലീഗിന്റെ ടാർഗറ്റ് മാത്രമല്ല നല്കുക. പ്രത്യുത, തഹ്‌രീക്കെ ജദീദിനും വഖ്ഫെ ജദീദിനും ടാർഗറ്റ് നല്കുന്നു. ജമാഅത്തുപരമായ തലത്തിൽ ഈ പദ്ധതികളിൽ വാങ്ങുന്ന ചന്ദ അത് വേറെയാണ്. ശാഖാ സംഘടനകളുടെ സംഘടനകളും സ്വന്തം ടാർഗറ്റ് പൂർത്തിയാക്കുന്നു. യൂ.കെ. ജമാഅത്ത് യൂ.കെ ലജ്നാ ഇമായില്ലാക്ക് രണ്ട് ലക്ഷത്തി അമ്പതിനായിരം പൗണ്ടിന്റെ ടാർഗറ്റ് നല്കിയിരുന്നു. ഞാനത് വർധിപ്പിച്ച് മൂന്നുലക്ഷത്തി അമ്പതിനായിരമാക്കിയിരുന്നു. അവരത് പൂർത്തിയാക്കി.

ഇന്തൊനേഷ്യ അൻസ്വാറുല്ലാഹ് നാഷണൽ

ശേഷം പേജ് 8 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin